# ഗവ. എൽ.പി.എസ്.
## ചേങ്കോട്ടുകോണം




# ദീപ്തം

**ഉപജില്ല : കണിയാപുരം** **ജില്ല : തിരുവനന്തപുരം**

## അക്കാദമിക് മാസ്റ്റർപ്ലാൻ
## 2025 – 2026

AnyScanner

# ഗവ. എൽ.പി. എസ്

## ചേങ്കോട്ടുകോണം

# ദീപ്തം

## അക്കാദമിക് മാസ്റ്റർ പ്ലാൻ

| | | |
|---|---|---|
| ഉപജില്ല | : | കണിയാപുരം |
| വിദ്യാഭ്യാസ ജില്ല | : | തിരുവനന്തപുരം |
| ജില്ല | ; | തിരുവനന്തപുരം |
| വർഷം | : | 2025-26 |

AnyScanner

GOVT: L P S CHENKOTTUKONAM

AnyScanner

## സ്കൂൾ അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ. എൽ. പി. എസ്. ചേങ്കോട്ടുകോണം |
| വിലാസം | : തുണ്ടത്തിൽ, തുണ്ടത്തിൽ പി. ഒ, തിരുവനന്തപുരം - 695581 |
| ഫോൺ | : 0471 - 2712986 |
| സ്കൂൾ കോഡ് | : 43440 |
| വിദ്യാഭ്യാസ ഉപജില്ല | : കണിയാപുരം |
| റവന്യൂ ജില്ല | : തിരുവനന്തപുരം |
| ബി. ആർ.സി. | : കണിയാപുരം |
| സി.ആർ.സി. | : കരിയം |
| കോർപറേഷൻ | : തിരുവനന്തപുരം |
| നിയമസഭാ മണ്ഡലം | : കഴക്കൂട്ടം |
| ലോകസഭാ മണ്ഡലം | : തിരുവനന്തപുരം |
| താലൂക്ക് | : തിരുവനന്തപുരം |
| ഇ - മെയിൽ | : chenkottukonam43440@gmail.com |

AnyScanner

## ഉള്ളടക്കം


1. ആമുഖം
2. സാധ്യതകളും വെല്ലുവിളികളും
3. ജൈവ വൈവിധ്യ രജിസ്റ്റർ
4. പ്രീ-പ്രൈമറി ശാക്തീകരണം
5. മേഖലകൾ
6. പാട്ടരങ്ങ്
7. സംയുക്ത ഡയറി
8. സചിത്ര പുസ്തകം
9. റീഡേഴ്സ് തിയേറ്റർ
10. കാവ്യോത്സവം
11. നാട്ടുവിശേഷം
12. ഭാഷോത്സവം


AnyScanner

# ആമുഖം

കേരളത്തിലെ മുഴുവൻ പൊതു വിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുക, മുഴുവൻ വിദ്യാർത്ഥികളും പൊതുവിദ്യാഭ്യാസ സംവിധാനത്തെ പ്രയോജനപ്പെടുത്തുക എന്നിവ പൊതു വിദ്യാഭ്യാസ യജ്ഞം ലക്ഷ്യമിടുന്നു. വിദ്യാലയങ്ങളുടെ അക്കാദമിക, ഭൗതിക, സാമൂഹിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെ മാത്രമേ ഈ ലക്ഷ്യത്തിലെത്താൻ നമുക്ക് കഴിയൂ.

അവസര തുല്യത, പങ്കാളിത്തം, ഗുണ നിലവാരം, മാനവിക മൂല്യങ്ങൾ എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി വേണം നാം മുന്നോട്ട് പോകേണ്ടത്. ഓരോ കുട്ടിയുടെയും സമഗ്ര വികസനം സാധ്യമാകണമെങ്കിൽ അതിന് അനുയോജ്യമായ സാഹചര്യങ്ങൾ നാം വിദ്യാലയങ്ങളിൽ ഒരുക്കേണ്ടതുണ്ട്. ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ ശക്തമായ എസ്. ആർ. ജി, പൂർവ്വ വിദ്യാർത്ഥി സംഘടന, എസ്. എം. സി വികസന സമിതി എന്നിവയുടെ കൂട്ടായ പ്രവർത്തനം അനിവാര്യമാണ്.

പൊതുവിദ്യാലയങ്ങളുടെ അക്കാദമിക നിലവാരം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് അക്കാദമിക മാസ്റ്റർ പ്ലാൻ നമ്മെ സഹായിക്കും. അക്കാദമിക പുരോഗതിയിലേക്കുള്ള പാത ചൂണ്ടിക്കാട്ടുന്ന തരത്തിലുള്ളതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. നമ്മുടെ വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾ മുൻഗണനാ ക്രമത്തിൽ തയ്യാറാക്കിയിട്ടുള്ള ചട്ടക്കൂടായി ഈ അക്കാദമിക മാസ്റ്റർ പ്ലാൻ പ്രവർത്തിക്കും. അക്കാദമിക ദൗത്യ ബോധത്തിന്റെ (Academic Mission) കാര്യത്തിൽ പിന്തുടരുന്ന തന്ത്രങ്ങളിൽ നാം എവിടെ നിൽക്കുന്നു എന്നും ഭാവിയിൽ അടുത്ത അഞ്ചുവർഷം കഴിഞ്ഞാൽ എന്താകും സ്ഥിതി എന്നും എന്തെല്ലാം പുരോഗതി ഉണ്ടായി എന്നും ഈ മാസ്റ്റർ പ്ലാനിൽ നിന്നും മനസ്സിലാക്കാം.

നമ്മുടെ വിദ്യാലയത്തെ ചുരുങ്ങിയ വാക്കുകളിൽ പരിചയപ്പെടുത്തട്ടെ. 1947ൽ സ്ഥാപിതമായതാണ് ഈ വിദ്യാലയം. ഒന്നര ഏക്കർ സ്ഥലം സ്വന്തമായിട്ടുണ്ടെങ്കിലും കുട്ടികൾക്ക് ആവശ്യമായ ഒരു കളി സ്ഥലമോ ശിശു കേന്ദ്രീകൃത പാർക്കോ ഞങ്ങൾക്ക് സ്വന്തമായി ഇല്ല. നിലവിൽ സ്കൂളിന് രണ്ട് കിലോമീറ്ററിനുള്ളിൽ നാലോളം അൺ എയ്ഡഡ് സ്കൂളുകൾ ഉണ്ടെങ്കിലും ശ്രീകാര്യം ക്ലസ്റ്ററിൽ ഏറ്റവുമധികം കുട്ടികൾ പഠിക്കുന്ന മെച്ചപ്പെട്ട നിലവാരം പുലർത്തുന്ന ഒരു വിദ്യാലയമാണ് നമ്മുടേത് എന്നതിൽ

ഏവർക്കും അഭിമാനിക്കാം. വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച നിരവധി പൂർവ്വ വിദ്യാർത്ഥികൾ നമ്മുടെ വിദ്യാലയത്തിന്റെ സമ്പത്താണ് .



AnyScanner

## 2025-2026 അധ്യയന വർഷത്തിൽ വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം

| വിഭാഗം | I | | II | | III | | IV | | V | | Total | |
|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G | B | G |
| ജനറൽ ഉൾപ്പെടെ | – | – | – | 1 | 6 | 5 | 5 | 8 | 4 | 4 | 15 | 17 |
| എസ്.സി | – | 4 | 5 | 3 | 1 | 2 | 5 | 0 | 10 | 4 | 21 | 13 |
| എസ്.ടി | – | – | – | – | – | – | – | – | – | – | – | – |
| ആകെ | 8 | 13 | 15 | 14 | 19 | 16 | 23 | 15 | 28 | 16 | 91 | 75 |

പ്രീ-പ്രൈമറി വിഭാഗം – 78

### അദ്ധ്യാപകർ നിലവിലെ അവസ്ഥ

| വിഭാഗം | അദ്ധ്യാപകരുടെ എണ്ണം | സ്ഥിരം അദ്ധ്യാപകർ | താൽക്കാലിക അദ്ധ്യാപകർ |
|---|---|---|---|
| PD | | | |
| HM | 1 | 1 | – |
| Arabic | 1 | 1 | NIL |
| Pre-Primary Section : 3 | | | |



AnyScanner

# ഞങ്ങളുടെ സ്കൂളിലെ

# സാധ്യതകൾ

1) വിപുലീകരിച്ച കമ്പ്യൂട്ടർ ലാബ്

2) മികച്ച സംഘാടനം

3) പ്രകൃതിസൗഹൃദപരമായ അന്തരീക്ഷം

4) വൈവിധ്യമാർന്ന വൃക്ഷങ്ങളാൽ സമൃദ്ധമായ മിയാവാക്കി വനം

5) വർണ്ണക്കൂടാരം

6) കൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങൾ

7) ജൈവവൈവിധ്യ വൃക്ഷങ്ങളാൽ സമ്പുഷ്ടമായ സ്കൂൾ പരിസരം



AnyScanner

# ഞങ്ങൾ അഭിമുഖീകരിക്കുന്ന

# വെല്ലുവിളികൾ

1. സ്റ്റീം കുക്കിംഗ് സംവിധാനം
2. ജൈവവൈവിധ്യ പാർക്ക്
3. ബട്ടർഫ്ളൈ ഗാർഡൻ
4. വിവിധ കായിക ഇനങ്ങൾക്ക് ആവശ്യമായ ഗ്രൗണ്ട്, കോർട്ടുകൾ
5. ഹെഡ് ടീച്ചറിന്റെ അഭാവം
6. സൗകര്യപ്രദമായ കളിസ്ഥലം
7. ക്ലാസ്സ് മുറികൾ വൃത്തികേടാകുന്ന തരത്തിലുള്ള സ്കൂൾ മുറ്റം
8. ടോയ്ലെറ്റുകളുടെ അപര്യാപ്തത
9. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായിട്ടുള്ള സ്കൂൾ ബസിന്റെ കുറവ്
10. സ്മാർട്ട് ക്ലാസ്സ് റൂം അപര്യാപ്തത



AnyScanner

# ജൈവ വൈവിധ്യ രജിസ്റ്റർ

## ആമുഖം

### ജൈവവൈവിധ്യം

ഒരു പ്രത്യേക ചുറ്റളവിലുള്ള ആവാസവ്യവസ്ഥയിൽ എത്ര തരം ജീവരൂപങ്ങൾ കാണപ്പെടുന്നു എന്നതാണ് ജൈവവൈവിധ്യം എന്നതു കൊണ്ട് അർത്ഥമാക്കുന്നത്. സർവ്വ ജീവജാലങ്ങളും അടങ്ങിയതാണ് ജൈവവൈവിധ്യം. എല്ലാ ജീവജാലങ്ങളും അവയുടെ ആവാസ വ്യവസ്ഥയും ഇതിൽ ഉൾപ്പെടുന്നു. ആവാസവ്യവസ്ഥയുടെ ആരോഗ്യ ക്ഷമതയുടെ അളവ് കോലാണ് ജൈവവൈവിധ്യം. കൂടുതൽ ജൈവവൈവിധ്യമുണ്ടെങ്കിൽ ആവാസവ്യവസ്ഥ കൂടുതൽ ആരോഗ്യമുള്ളതായി കണക്കാക്കപ്പെടുന്നു.... നമ്മുടെ വിദ്യാലയം ജൈവവൈവിധ്യം കൊണ്ടു സമൃദ്ധമാണ്.

ബാല മനസ്സിൽ നിന്നും പടിയിറങ്ങി പോയ പ്രകൃതിയെ അവർക്ക് തിരിച്ചു നൽകുന്നതിനോടൊപ്പം ഭൂമിക്ക് അതിന്റെ യൗവനം തിരിച്ചു നൽകാനുള്ള കൂട്ടായ പരിശ്രമം നമ്മുടെ സ്കൂളിൽ വളരെ മുൻപ് തന്നെ തുടങ്ങിക്കഴിഞ്ഞു. അതിന്റെ ഭാഗമായി പ്രകൃതിയെ ഒരു പാഠപുസ്തകമായി ഉപയോഗപ്പെടുത്താൻ കഴിയും വിധം ഒരു രജിസ്റ്റർ തയ്യാറാക്കാൻ കഴിഞ്ഞതിൽ വളരെ സന്തോഷവും ചാരിതാർത്ഥ്യവും ഉണ്ട്. ജൈവവൈവിധ്യ ഉദ്യാനത്തിന്റെ പ്രസക്തി വളരെ മുമ്പ് തന്നെ

തിരിച്ചറിഞ്ഞ് നമ്മുടെ സ്കൂൾ വർഷങ്ങളായി വൃക്ഷങ്ങളും ചെടികളും പരിപാലിച്ചു പോരുന്നു. ഒന്നര ഏക്കർ സ്ഥലം വിസ്യതിയുള്ള ഈ സ്കൂൾ കോമ്പൗണ്ട് തന്നെ ഒരു ജൈവവൈവിധ്യ ഉദ്യാനമാണ് എന്ന് മാത്രമല്ല ഒരു മിയാവാക്കി കൂടെ നമ്മുടെ സ്കൂളിനുള്ളിൽ പരിപാലിക്കപ്പെടുന്നുണ്ട്.

ജൈവവൈവിധ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പുതിയ തലമുറ ഒട്ടും ബോധവാന്മാരല്ല. ഈ വിഷയം സ്കൂൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിന് വേണ്ടിയാണ് ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കിയിരിക്കുന്നത്.. നമ്മുടെ മണ്ണും കാലാവസ്ഥയും സസ്യജാലങ്ങളും ഒക്കെ പ്രവചനാതീതമായ ഒരു നാശത്തിലേക്ക് പോകുന്ന കാലഘട്ടത്തിലൂടെയാണ് നാം ഇന്ന് കടന്നുപോയി കൊണ്ടിരിക്കുന്നത്. ഇവിടെയാണ് ഭൂമി മാതാവും പ്രകൃതിയും ഇല്ലാതെ നാമില്ല എന്ന വ്യക്തമായ സന്ദേശം കുഞ്ഞു മനസ്സുകളിൽ നിറക്കേണ്ടതിന്റെ പ്രസക്തി നാം മനസ്സിലാക്കേണ്ടത്. പ്രകൃതിയിലേക്കുള്ള മടക്കയാത്ര പഠിക്കേണ്ടത് സ്കൂൾതലത്തിൽ നിന്നു തന്നെയാണ്. മനുഷ്യ ജീവിതത്തിൽ ഒഴിച്ചുകൂടാൻ ആവാത്തതും ജീവിതത്തിന്റെ ഭാഗമാകുന്നതും ആണ് വൃക്ഷങ്ങളും സസ്യങ്ങളും. മനുഷ്യരെപ്പോലെ തന്നെ ഈ ഭൂമുഖത്ത് എല്ലാ അവകാശങ്ങളോടുകൂടി ജീവിക്കാൻ എല്ലാ ജീവജാലങ്ങളും അർഹരാണ് എന്ന സന്ദേശം കുട്ടികളിൽ എത്തിക്കാൻ ഈ രജിസ്റ്റർ വളരെ സഹായകരമാകും ...

AnyScanner

നശിച്ചുകൊണ്ടിരിക്കുന്ന പ്രകൃതി സൗന്ദര്യത്തെ തിരിച്ചുപിടിക്കാനുള്ള ഒരു പ്രവണത കുട്ടികളിൽ ഉണർത്തുന്നതിന് ജൈവവൈവിധ്യ രജിസ്റ്റർ സഹായകമാകും...

AnyScanner

പൊതുലക്ഷ്യങ്ങൾ

1. പൊതു വിദ്യാലയ ശാക്തീകരണം ഉറപ്പു വരുത്തുക
2. അക്കാദമികവും ഭൗതികവുമായ മെച്ചപ്പെടുത്തലുകളിലൂടെ നമ്മുടെ വിദ്യാലയം മികവിന്റെ കേന്ദ്രമാക്കുക.
3. പൗരബോധം, ശാസ്ത്രീയ മനോഭാവം, യുക്തിചിന്താരീതി, മതേതരബോധം എന്നിവ കുട്ടികളിൽ വളർത്തിയെടുത്ത് സാമൂഹിക പ്രതിബദ്ധതയുള്ള ഒരു തലമുറയെ വാർത്തെടുക്കുക.
4. വിദ്യാലയ പരിധിയിൽപെടുന്ന എല്ലാ കുട്ടികളെയും പൊതുവിദ്യാലയത്തിൽ എത്തിക്കുന്നതരത്തിൽ പഠനപഠനേതര പ്രവർത്തനങ്ങളിലെ കുട്ടികളുടെ മികവുകൾ പൊതു സമൂഹത്തെ ബോധ്യപ്പെടുത്തുക
5. ശിശുസൗഹൃദ വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക
6. കുട്ടികളുടെ സർവോത്മുഖമായ വികസനത്തിനുതകുന്ന തരത്തിലുള്ള പഠനാനുഭവങ്ങൾ നൽകുക
7. പൊതുസമൂഹത്തിന്റെ ക്രിയാത്മക പങ്കാളിത്തം പ്രവർത്തനങ്ങളിൽ ഉറപ്പാക്കുക
8. പ്രീ - പ്രൈമറി വിഭാഗം ശാക്തീകരണം
9. വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം നടപ്പിലാക്കുക വഴി പരിസ്ഥിതി സൗഹൃദവിദ്യാലയം സൃഷ്ടിക്കുക

   പ്രത്യേക പിന്തുണ അർഹിക്കുന്ന കുട്ടികൾക്ക് പഠനം മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തന സമീപനം രൂപപ്പെടുത്തുക



AnyScanner

11. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നേരിടുന്ന തടസ്സങ്ങൾ മറികടക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഇടപെടൽ നടത്തുന്നു.

## നമ്മുടെ വിദ്യാലയം മികവിലേക്ക്...........

## നമ്മുടെ ദർശനം, കാഴ്ചപ്പാട്.......

നമ്മുടെ വിദ്യാലയം ഭാവിയിൽ എങ്ങനെയായിത്തീരണം? ഈ വിദ്യാലയത്തിൽ നിന്ന് പുറത്തേക്ക് പോകുന്ന കുട്ടികൾ ഭാവിയിൽ വീടിനും സമൂഹത്തിനും അഭിമാനകരമായ തരത്തിൽ മാറുക. അതിനായി നമ്മുടെ വിദ്യാലയം എങ്ങനെയായിത്തീരണം? എങ്ങനെയാണ് ഈ വിദ്യാലയം സമൂഹത്തിന്റെ വിശ്വാസ്യതയുള്ള വ്യത്യസ്ത വിദ്യാലയമായി മാറുക? വരും വർഷങ്ങളിൽ പുരോഗതിയിലേക്കു നയിക്കാൻ പ്രചോദനമാകുന്ന പ്രവർത്തനങ്ങൾ, കാഴ്ചപ്പാടുകൾ......

1. ശാസ്ത്രം നമ്മുടെ വിദ്യാഭ്യാസത്തിന്റെയും സംസ്കാരത്തിന്റെയും അടിസ്ഥാന ഘടകമാക്കുക.
2. ജാതി - മത വിശ്വാസങ്ങൾക്കതീതമായി സാമൂഹിക സാമ്പത്തിക പദവികൾക്കുപരിയായി ആൺ - പെൺ വ്യത്യാസമില്ലാതെ സമത്വാധിഷ്ഠിതവും ഏകീകൃതവുമായ ഒരു സമൂഹത്തെ വാർത്തെടുക്കാനുതകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
3. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപെടൽ.



AnyScanner

<u>മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ</u>

1. ടാലന്റ് ലാബ്
    - ഏതെല്ലാം മേഖലകളിലാണ് കുട്ടികൾക്ക് കഴിവുകൾ എന്ന് കണ്ടെത്തി പരിപോഷിപ്പിക്കൽ
    - കലാകായിക പ്രവൃത്തി പരിചയ പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങൾ ലിസ്റ്റ് ചെയ്യലും സമാഹരിക്കലും
    - വിവിധ ഇനങ്ങൾ പരിശോധിക്കുന്നതിന് കഴിവുള്ള പ്രാദേശിക വിദഗ്ധരുടെ സേവനം അഭ്യർത്ഥിക്കൽ
2. ജൈവവൈവിധ്യ ഉദ്യാനം, സ്കൂൾ ഒരു പാഠപുസ്തകം
    - പരിസ്ഥിതി പരീക്ഷണശാല
    - പരിസ്ഥിതി ഡയറി തയ്യാറാക്കൽ
3. പ്രാദേശിക പഠന യാത്രകൾ
    - ഫീൽഡ് ട്രിപ്പ്, പഠനയാത്ര എന്നിവയ്ക്കുള്ള പാഠ്യപദ്ധതിയിലെ സാധ്യതകൾ കണ്ടെത്തി നടപ്പിലാക്കുന്നു
4. ഐ.സി.ടി സാധ്യത ഉപയോഗിച്ചുള്ള പഠനം
    - ശീതീകരിച്ച കമ്പ്യൂട്ടറിൽ ലാബ്
5. പ്രീ പ്രൈമറി ശാക്തീകരണം
6. സാഹിത്യ പോഷണ പരിപാടികൾ
7. പച്ചക്കറിത്തോട്ടം
8. കായിക പഠനം
9. ലൈബ്രറി ശാക്തീകരണം
10. വായനാ പരിപോഷണം
11. ഒന്നാം ക്ലാസ്സ് ഒന്നാന്തരം
12. FM Corner
13. ഔഷധ സസ്യോദ്യാനം



AnyScanner

## പ്രീ- പ്രൈമറി വിഭാഗം

ചേങ്കോട്ടുകോണം ഗവൺമെന്റ് എൽ.പി.എസിനോട് അനുബന്ധിച്ച് 1993-94 അധ്യയന വർഷം മുതൽ പ്രൈമറി വിഭാഗം പ്രവർത്തനം ആരംഭിച്ചു. അന്ന് രണ്ട് ഡിവിഷനുകളിലായി 110 കുട്ടികൾ പ്രവേശനം നേടിയിരുന്നു. സമീപ പ്രദേശങ്ങളിൽ പിന്നീട് സ്വകാര്യ വിദ്യാലയങ്ങളും അംഗൻവാടികളും പ്രവർത്തനമാരംഭിച്ചുവെങ്കിലും 32 വർഷം പിന്നിടുമ്പോഴും 3 ഡിവിഷനുകളിലായി 62 കുട്ടികൾ ഈ വർഷവും പ്രവേശനം നേടി. പൊതുവിദ്യാഭ്യാസ വകുപ്പ് സമഗ്രശിക്ഷ കേരളം സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വർണ്ണകൂടാരം- മാതൃകാ പ്രീ പ്രൈമറി സ്കൂൾ ഈ വർഷം ഉദ്ഘാടനം ചെയ്തു. വിവിധ പ്രവർത്തനയിടങ്ങൾ പ്രയോജനപ്പെടുത്തി പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന അക്കാദമിക ലക്ഷ്യങ്ങൾ കൈവരിക്കാൻ ഉതകുന്ന അനുഭവ പ്രവർത്തനങ്ങൾ നൽകുന്നു.

| ക്രമനമ്പർ | പ്രവർത്തനം | കാലയളവ് | ധനവിനിയോഗം | ചുമതല | പ്രവർത്തന വിശദാംശം |
|---|---|---|---|---|---|
| 1 | ഔഷധത്തോട്ട നിർമ്മാണവും പരിപാലനവും | June | | | |
| 2 | തീമുകൾക്കനുസൃതമായി ദിനാഘോഷങ്ങൾ | June to March | | | |
| 3 | രക്ഷകർത്തൃ ശാക്തീകരണം | June<br>August<br>Dec (Termly) | | | |
| 4 | പച്ചക്കറിത്തോട്ട നിർമ്മാണം | July | | | |
| 5 | ഫീൽഡ് ട്രിപ്പ് | Dec | | | |
| 6 | ശലഭോദ്യാനം | June- March | | | |
| 7 | വരയുത്സവം | | | | |
| 8 | ശാസ്ത്രോത്സവം | | | | |
| 9 | കഥോത്സവം | | | | |
| 10 | ഗണിതോത്സവം | | | | |
| 11 | ഉത്പന്ന പ്രദർശനം | | | | |

AnyScanner

## മേഖല - ഭാഷ - അടിസ്ഥാനശേഷികളിലെ പിന്നോക്കാവസ്ഥ മറികടക്കൽ

ആമുഖം : അക്ഷര തെറ്റുകൾ, ഭാഷാപ്രയോഗത്തിലെ പിശകുകൾ, വ്യവഹാര രൂപങ്ങൾ ഉപയോഗിക്കുന്നതിനുള്ള പോരായ്മകൾ, ഉച്ചാരണ പിശകുകൾ, സർഗാത്മകതയുടെ അഭാവം തുടങ്ങിയ ഒട്ടേറെ പ്രശ്നങ്ങൾ കുട്ടികൾക്കിടയിൽ ഉണ്ട്.

ലക്ഷ്യം : എഴുത്തും വായനയും പരിപോഷിപ്പിക്കൽ, അടിസ്ഥാന ഭാഷാശേഷി വികസനം

| പ്രവർത്തനങ്ങൾ | കാലയളവ് | ധന വിനിയോഗം | ചുമതല | പ്രവർത്തന വിശദാംശം | വിലയിരുത്തൽ |
|---|---|---|---|---|---|
| മലയാളത്തിളക്കം... | ജൂൺ ഫെബ്രുവരി എല്ലാദിവസവും ഒരു മണിക്കൂർ | | ക്ലാസ് ടീച്ചർ | ജൂൺ മാസത്തിൽ പ്രീ ടെസ്റ്റ് നടത്തി കുട്ടികളെ തിരഞ്ഞെടുക്കുന്നു. | |
| അക്ഷരക്കാർഡ് തയ്യാറാക്കി നൽകൽ | ജൂലൈ ആദ്യവാരം | | ക്ലാസ് ടീച്ചർ | അക്ഷര കാർഡുകൾ ചേർത്ത് പദങ്ങൾ നിർമ്മിക്കുന്ന തരത്തിൽ കാർഡുകൾ തയ്യാറാക്കുന്നു. അക്ഷരങ്ങൾ, | |
| രചനാ പരിചയക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | | ക്ലാസ്സ് ടീച്ചർ | ക്ലാസ്സ് ലൈബ്രറി സജ്ജീകരിക്കൽ, പാഠപുസ്തകം, ടീച്ചർ ടെക്സ്റ്റ് എന്നിവ പരിശോധിച്ച് കുട്ടികൾക്ക് വിവിധ സന്ദർഭത്തിൽ നൽകാവുന്ന പുസ്തകങ്ങൾ പടിക്കപ്പെടുത്തൽ, ലഭ്യമാക്കൽ | |

| | | | | | |
|---|---|---|---|---|---|
| | | | | പദങ്ങൾ എന്നിവ വായിക്കാനും എഴുതാനും അവസരം നൽകുന്നു. | |
| പദ കാർഡ് തയ്യാറാക്കി നൽകൽ | ആഗസ്റ്റ് | | ക്ലാസ് ടീച്ചർ | അക്ഷര കാർഡുകൾ ചേർത്ത് നിർമ്മിച്ച പദങ്ങളും പുതുതായി നിർമ്മിച്ച പദങ്ങളും വായിക്കാനും എഴുതാനും അവസരം നൽകുന്നു. | |
| വാക്യങ്ങൾ ഉറപ്പിക്കൽ വാക്യ കാർഡുകൾ തയ്യാറാക്കി നൽകൽ | സെപ്റ്റംബർ | | ക്ലാസ് ടീച്ചർ | പദക്കാർഡുകൾ ചേർത്തുവച്ച് ബാക്കി കാർഡുകൾ കുട്ടികൾ നിർമ്മിക്കുന്നു. പുതുതായി വാക്യ കാർഡുകൾ എഴുതി നൽകുന്നു കാർഡുകളിലെ വാക്യങ്ങൾ വായിക്കുകയും എഴുതുകയും ചെയ്യുന്നു. | |
| വായനക്കാർഡുകൾ | ഒക്ടോബർ | | ക്ലാസ് | കൊച്ചു കഥകളോ | |



AnyScanner

| | | | | | |
|---|---|---|---|---|---|
| തയ്യാറാക്കി നൽകൽ | | | ടീച്ചർ | കവിതകളോ എഴുതിയ വായന കാർഡുകളെ കുട്ടികൾക്ക് വായിക്കാൻ നൽകുന്നു. | |
| സ്വതന്ത്ര വായന | നവംബർ | | ക്ലാസ് ടീച്ചർ | വായന, കാർഡുകൾ, ചെറിയ പുസ്തകങ്ങൾ എന്നിവ അധ്യാപിക ഭാവാത്മകമായി അവതരിപ്പിക്കുന്നു | |
| ഭാവാത്മക വായന | ജൂൺ മുതൽ മാർച്ച് വരെ | | ക്ലാസ്സ് ടീച്ചർ | അധ്യാപിക ഭാവാത്മകമായി വായിക്കുന്നു. ICT സഹായത്തോടെ ഭാവാത്മകവായന പരിചയപ്പെടു ത്തുന്നു. | |
| സ്വതന്ത്ര രചന, വായന | ഡിസംബർ മുതൽ ഫെബ്രുവരി | | ക്ലാസ്സ് ടീച്ചർ | വായിച്ച പുസ്തകങ്ങളെക്കു റിച്ച് ഒന്നോ രണ്ടോ വാക്യത്തിൽ എഴുതുന്നു. വായിക്കുന്നു. സ്വന്തമായി കഥയോ കവിതയോ എഴുതുന്നു. | |

| | | | | | |
|---|---|---|---|---|---|
| ചുമർപത്രികകൾ തയ്യാറാക്കൽ | ഡിസംബർ | ക്ലാസ്സ് ടീച്ചർ | | കുട്ടികൾ തയ്യാറാക്കിയ സർഗ്ഗാത്മക രചനകൾ പതിപ്പായി പ്രദർ ശിപ്പിക്കുന്നു | |
| രുചിച്ചറിയാം | വർഷത്തി ലൊന്ന് | ക്ലാസ്സ് ടീച്ചർ | | ഭക്ഷ്യമേള, പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് സ്കൂളിലൊരു സദ്യ | |
| കലക്കൂട്ട് | വർഷത്തി ലൊന്ന് | | | പ്രദേശവാസി യായ കലാകാ രൻമാരുടെ സേവനം ക്ലാസ്സ് മുറിയിലേക്ക്, കലാവതരണം, കലയുമായി ബന്ധപ്പെട്ട ചമയങ്ങൾ, പ്രദർശനം | |
| സർഗ്ഗോത്സവം | വർഷത്തി ലൊരിക്കൽ | | | കുട്ടികളുടെ സർഗ്ഗശേഷിക ളുടെ പ്രദർശനം | |



AnyScanner

# ഇംഗ്ലീഷ്

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

അക്കാദമികം

ഇംഗ്ലീഷ് പഠന പരിപോഷണം

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതുവാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ ഒരു ദിവസം അസംബ്ലി | | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതുവാനുള്ള ശേഷി | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷ് ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് ടീച്ചർ | |



AnyScanner

പ്രവർത്തനം 3

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ | ഒരു വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം 4

പ്രവർത്തനത്തിന്റെ പേര് : ഗ്രാമർ സ്കൂൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവ് നേടൽ | ആഴ്ചയിൽ 3 ദിവസങ്ങളിൽ(1.15 - 2 വരെ) വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 5

പ്രവർത്തനത്തിന്റെ പേര് : ഗ്രാമർ സ്കൂൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | വായനാ മൂലകൾ, കാർഡുകൾ വച്ചുള്ള പ്രവർത്തനങ്ങൾ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |



AnyScanner

പ്രവർത്തനം 6

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Rent your car<br>Breaking news<br>Treasure Hunt | ജൂലൈ-ഫെബ്രുവരി | | |

പ്രവർത്തനം 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | One man show<br>I Too can FM<br>Corner Reader of Month | ജൂലൈ-ഫെബ്രുവരി | | |

പ്രവർത്തനം 8

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | My droplets fun time funda | | | |

പ്രവർത്തനം 9

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | കഥ പറയൽ<br>കഥയെഴുത്ത് | | | |



AnyScanner

# ഗണിത അടിസ്ഥാന ശേഷികളിലെ പരിമിതികൾ മറികടക്കൽ

പ്രവർത്തനം 1

പേര് : ഒറിഗാമി ശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ | ഒരു വർഷക്കാലം | എസ്. ആർ. ജി, മദർ പി. റ്റി.എ | |

പ്രവർത്തനം 2

പേര് : ഗണിത ലാബ് സജ്ജീകരിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ | ആവശ്യാനുസരണം | | |

പ്രവർത്തനം 3

പേര് : ഗണിത പാർക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|



AnyScanner

| | | | | |
|---|---|---|---|---|
| ജ്യാമതീയ രൂപങ്ങളുടെ ആശയങ്ങൾ ഉറപ്പിക്കൽ | സ്കൂൾ ഗണിത പാർക്കുകൾ | ഒരു വർഷക്കാലം | പി.റ്റി.എ | |

പ്രവർത്തനം 4

പേര് : സ്കൂൾ തല ഗണിതശാസ്ത്രമേള

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾതല ഗണിതശാസ്ത്രമേളയിൽ പങ്കെടുക്കുവാനുള്ള പ്രവർത്തനങ്ങൾ | ഗണിതശാസ്ത്ര പ്രവർത്തനങ്ങൾ സജ്ജീകരിക്കൽ | ഒരു വർഷക്കാലം | ടീച്ചേഴ്സ്, പി.റ്റി.എ | |

പ്രവർത്തനം 5

പേര് : ഗണിതകേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പസിൽ, ഗണിതകേളികൾ, ക്വിസ്, പ്രവർത്തനങ്ങൾ | ഗണിതശാസ്ത്രജ്ഞരുടെ ജീവചരിത്രക്കുറിപ്പ് ഒരു മുറിയിൽ സജ്ജീകരിക്കൽ | ഒരു വർഷക്കാലം | ടീച്ചേഴ്സ് | |



AnyScanner

## ഐ. സി. ടി. സാധ്യതകൾ

കുട്ടികളിൽ കൗതുകവും താത്പര്യവും വളർത്തിക്കൊണ്ട് പഠനം സുഗമമാക്കുന്നതിൽ എൽ. പി. ക്ലാസ്സുകളിൽ ഐ. സി. റ്റി. സാധ്യതകൾ അനന്തമാണ്. ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിദ്യാലയങ്ങൾക്കാണ് കൂടുതൽ പിന്തുണ ലഭിക്കുന്നത്. വിവിധ വിഷയങ്ങളിൽ വിവിധ ക്ലാസ്സുകളിൽ രൂപപ്പെട്ടു വരേണ്ട ആശയങ്ങൾ, ധാരണകൾ ഇവയെല്ലാം അനായാസം നേടിയെടുക്കുന്നതിന് ഏറ്റവും ചെറിയ ക്ലാസ്സുകളിൽ തന്നെ ഐ.ടി. അധിഷ്ഠിത വിദ്യാഭ്യാസം അനിവാര്യമാണ്.

പ്രവർത്തനങ്ങൾ

- ഓരോരോ വിഷയവുമായി എങ്ങനെയെല്ലാം ഐ.സി.റ്റി. ഉപയോഗിക്കാം, എസ്. ആർ. ജി യിൽ ചർച്ചകൾ നടത്തുന്നു.
- ഓരോരോ വിഷയവുമായി ബന്ധപ്പെട്ട് അതാത് ടീച്ചേഴ്സിന് ക്ലാസ്സ് റൂം പിന്തുണ നൽകി കളിപ്പെട്ടിയിലെ പ്രവർത്തനങ്ങൾ പാഠഭാഗവുമായി ബന്ധിപ്പിച്ചു ധാരാളം പ്രവർത്തനങ്ങൾ ചെയ്യുന്നത് കൂടാതെ മറ്റ് സാധ്യതകൾ വികസിപ്പിച്ചു.
- ഒന്നാം ക്ലാസ്സിലെ ഓരോ യൂണിറ്റിലെയും ഐ.സി.റ്റി സാധ്യതകൾ പ്രയോജനപ്പെടുത്തി കുട്ടികൾക്ക് മുൻപിൽ അവതരിപ്പിച്ചു.
- ഐ.സി.റ്റി. വിഭവ സമാഹരണവും പ്രയോഗവും തുടർന്നുകൊണ്ടേയിരിക്കുന്നു. ഓരോ ക്ലാസ്സിലേക്കും ആവശ്യമായ വീഡിയോ, വിഷയം, അധ്യായം എന്നിങ്ങനെ



AnyScanner

തരം തിരിച്ചു സൂക്ഷിക്കുകയും ഓരോ പാഠത്തിനും അനുയോജ്യമായ സന്ദർഭങ്ങളിൽ ഉപയോഗിക്കുകയും ചെയ്യുന്നു.

- ഐ സി. റ്റി. പ്രയോജനപ്പെടുത്തിയ ക്ലാസ്സ് സന്ദർഭങ്ങളും പ്രയോഗ രീതിയും എല്ലാ ആഴ്ചയിലേയും എസ്. ആർ. ജി. യിൽ അവതരിപ്പിക്കുന്നു.

നേട്ടങ്ങൾ

- ഭിന്ന നിലവാരങ്ങൾക്കും സ്ലോ ലേർണേഴ്സിനും പഠനത്തിൽ താത്പര്യം കൂടി.
- ഐ.സി.റ്റി ഉപയോഗിച്ചുള്ള പഠനം കുട്ടികളുടെ പഠനഭാരം ലഘൂകരിക്കുന്നു.
- വീഡിയോകൾ ഉപയോഗിച്ച് പാഠഭാഗങ്ങൾ പഠിപ്പിക്കുന്നതിനാൽ സയൻസ്, സാമൂഹ്യശാസ്ത്ര ക്ലാസുകൾ നന്നായി മനസ്സിലാകുന്നുണ്ട് എന്ന് കുട്ടികൾ അഭിപ്രായപ്പെട്ടു.



AnyScanner

## ഐ. റ്റി. സ്വായത്തമാക്കൽ

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | എസ്. ആർ. ജി യിൽ ഐ. സി. റ്റി. പ്രയോഗം എന്നിവയെകുറിച്ചു ചർച്ചകൾ നടക്കുന്നു. ആശയങ്ങൾ ശേഖരിക്കുന്നു. | ജൂൺ | ക്ലാസ് ടീച്ചർ | I-V | | | |
| 2 | സ്മാർട്ട് ക്ലാസ് റൂം ഉപയോഗിച്ചു അക്കാദമിക് ക്ലാസുകൾ നടത്തുന്നു. പവർ പോയിന്റ്, എം. എസ്. ഓഫീസ് മറ്റ് മീഡിയകൾ ഉപയോഗിക്കുന്നു. കളിപ്പെട്ടിയിലെ പ്രവർത്തനങ്ങളെ ബന്ധിപ്പിച്ചുള്ള ക്ലാസുകൾ നടക്കുന്നു. ദൃശ്യ ശ്രാവ്യ മാധ്യമങ്ങളെ ക്ലാസ് റൂമുകളിൽ പരമാവധി ഉപയോഗിക്കുന്നു. | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ | I-V | | | |
| 3 | ഐ. സി. റ്റി. വിഭവ സമാഹരണം, പ്രയോഗ വത്കരണം നിരന്തരം നടക്കുന്നു. തരം തിരിക്കുന്നു, സൂക്ഷിക്കുന്നു, അധ്യാപകരുടെ സോഷ്യൽ മീഡിയ ഗ്രൂപ്പുകൾ, ബ്ലോഗുകൾ എന്നീ മീഡിയകളിൽ നിന്നും വിഭവ സമാഹരണം നടത്തുന്നു, പ്രയോഗിക്കുന്നു. ഈ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | ജൂൺ മാർച്ച് | ടീച്ചർ, വിദ്യാർ ത്ഥികൾ | I-V | | | |
| 4 | ചിത്രം വരയ്ക്കൽ, എഴുത്ത് കളികൾ, പഠനം തുടങ്ങിയവക്ക് കളിപ്പെട്ടിയിലെ ടൂൾസ് ഉപയോഗിക്കുന്നു. | ജൂൺ മാർച്ച് | ടീച്ചർ, വിദ്യാർ ത്ഥികൾ | I-V | | | |



AnyScanner

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | ബ്ലൂടൂത്ത് സ്പീക്കർ ഉപയോഗിച്ചു മൊബൈൽ/ലാപ്ടോപ്പ് ഉപയോഗിച്ച് ഗാനങ്ങൾ, കവിതകൾ, ശബ്ദങ്ങൾ എന്നിവയുടെ ഓഡിയോസ് കേൾപ്പിക്കുന്നു. | ജൂൺ മാർച്ച് | ടീച്ചർ | I-V | | | | |
| 6 | മൊബൈൽ പ്രൊജക്ടർ ഉപയോഗിച്ച് ക്ലാസ്സുകളെ പരമാവധി ഡിജിറ്റൽ ക്ലാസ്സുകളാക്കുന്നു. മികവ് പ്രവർത്തനങ്ങൾ സോഷ്യൽ മീഡിയയിലൂടെ സമൂഹത്തിലെത്തിക്കുന്നു. | ജൂൺ മാർച്ച് | ടീച്ചർ | I-V | | | | |



AnyScanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്സ് -1

## മലയാളം

**ലക്ഷ്യങ്ങൾ**

ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളേയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

**പ്രവർത്തന പദ്ധതി**

**ജൂൺ -**

ടീച്ചറും രക്ഷിതാക്കളും പറഞ്ഞു കേട്ട കഥകളുടെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു.

**ജൂലൈ -**

ടീച്ചറും രക്ഷിതാക്കളും പുസ്തകങ്ങൾ (കഥ) ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു. കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു. ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു.

**സെപ്റ്റംബർ -**

ചിത്ര വായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു. (കുട്ടികളുടെ വാചിക പ്രകടനങ്ങൾ)

**ഒക്ടോബർ -**

ലളിതമായ വായനക്കാർഡുകൾ സഹായത്തോടെ വായിക്കുന്നു. കുട്ടിയുടെ സ്വതന്ത്ര കഥ പറയൽ.

**നവംബർ -**

ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു. കുട്ടി സഹായത്തോടെ വായിക്കുന്നു.

**ജനുവരി -**

ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു. വായനാകാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു.



AnyScanner

**ഫെബ്രുവരി -**

ചെറിയ ചെറിയ ബാലസാഹിത്യ കൃതികൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു. കുട്ടികൾ രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു.

**മാർച്ച് -**

ചിത്രകഥാ പുസ്തകങ്ങൾ വായിക്കുന്നു. സചിത്ര പുസ്തകങ്ങൾ വായിക്കുന്നു. നവമാധ്യമങ്ങളിൽ പങ്കിടുന്നു. എല്ലാ മാസവും ഭാഷാ പിരീഡുകളിൽ തൽസമയ നിർമിതികൾ വായിക്കുന്നു.

ക്ലാസ് ലൈബ്രറിയിലെ 20 പുസ്തകങ്ങൾ എങ്കിലും ഓരോ കുട്ടിയും വായിക്കുന്നതിന് അവസരം നൽകുന്നു.



AnyScanner

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള-പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ- ജൂലൈ ആഗസ്ത് | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം, ഔഷധത്തോട്ടം, ചുറ്റുവട്ടത്താരക | ഡിസംബർ ജനുവരി | SRG SMC | |

AnyScanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്സ് - 1 ഗണിതം

പ്രവർത്തന പദ്ധതി

ജൂൺ -

- ഒരക്ക സംഖ്യകൾ എണ്ണിയെടുക്കാനും എഴുതാനും വായിക്കാനും

ജൂലൈ -

- ഒരക്ക സംഖ്യകൾ ആരോഹണ/ അവരോഹണ ക്രമത്തിൽ

സെപ്റ്റംബർ -

- രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം
- രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം

ഒക്ടോബർ -

- ഒരക്ക സംഖ്യാ വ്യാഖ്യാനം
- ഒരക്ക സംഖ്യാ പാറ്റേൺ

നവംബർ -

- രണ്ടക്ക സംഖ്യ (20 താഴെ) കളുടെ സങ്കലനം
- രണ്ടക്ക സംഖ്യ (20 താഴെ) കളുടെ വ്യവകലനം

ജനുവരി -

- 20 ൽ താഴെയുള്ള സംഖ്യകളുടെ സംഖ്യാ വ്യാഖ്യാനം
- 20 ൽ താഴെയുള്ള സംഖ്യകളുടെ പാറ്റേൺ

ഫെബ്രുവരി -

- 1 മുതൽ 100 വരെ എഴുതാനും വായിക്കാനും

മാർച്ച് -

- പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതിന് (രൂപയും പൈസയും).



AnyScanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ക്ലാസ് - 1

## അറബി

ലക്ഷ്യം : അറബി അക്ഷരങ്ങളും വാക്കുകളും പഠിപ്പിക്കുക

കാലയളവ് : ജൂൺ 2024 - മാർച്ച് 2025

പ്രവർത്തനങ്ങൾ :

1. കുട്ടിയെ മനസിലാക്കുന്നു
2. അക്ഷര കാർഡുകൾ നൽകി അക്ഷരങ്ങൾ പരിശീലിപ്പിക്കുന്നു
3. അടയാളങ്ങൾ പരിശീലിപ്പിക്കുന്നു
4. വാക്കുകൾ ചിത്രം നോക്കി കണ്ടെത്താൻ സഹായിക്കുന്നു
5. ചിത്രങ്ങൾക്ക് നിറം നൽകൽ
6. ഒളിച്ചിരിക്കുന്ന ആളിനെ കണ്ടെത്തി പേര് നൽകൽ പോലുള്ള പ്രവർത്തനങ്ങൾ നൽകുന്നു



AnyScanner

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ<br>2) ലഘുപതിപ്പുകൾ തയ്യാറാക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി.ടി.എ<br>സ്റ്റാഫ്. | ഫണ്ട്<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയുണർത്താം | 1) രചനാശില്പശാല കഥ, കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തികൾ | SRG<br>SMC |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് - II

## മലയാളം

ലക്ഷ്യം :

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞു അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

മേഖല : ഭാഷ

പ്രവർത്തനങ്ങൾ

- ചിത്ര കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ടത്)
- ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ, പ്രദർശനം നടത്തൽ
- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- ചിത്ര കാർഡുകൾ ഉപയോഗിച്ച് വളരുന്ന വാക്യങ്ങൾ പറയുന്നു.

  ഉദാഹരണം : പൂവ്

  റോസാപ്പൂവ്

  ചുമന്ന റോസാപ്പൂവ്

- വായിച്ചവയെ മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നു. ചിത്രം നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കൽ, കഥ പൂർത്തിയാക്കൽ, കവിതാപൂരണം തുടങ്ങിയവ (സ്വതന്ത്ര രചന)

| | |
|---|---|
| ആകാശം | മാനം തെളിഞ്ഞു |
| നീല ആകാശം | മേനീച്ച പറന്നുയർന്നു |
| മേഘങ്ങൾ | പറന്നു പറന്നു |
| നിറയെ മേഘങ്ങൾ | മലയുടെ താഴെ എത്തി |



AnyScanner

വെളുത്ത മേഘങ്ങൾ
പറക്കുന്ന മേഘങ്ങൾ

ഹായ് മഞ്ഞ പ്പൂക്കൾ
പാടം നിറയെ പൂക്കൾ
തേനീച്ച തേൻ കുടിച്ചു
വയറു നിറഞ്ഞു.
അവൻ പാറിപ്പാറി നടന്നു.

## മലയാള മധുരം

ഒന്ന്, രണ്ട് ക്ലാസുകളിലെ കുഞ്ഞുങ്ങൾക്കായി അവധിക്കാലത്ത് വായനത്തുടർച്ച ഉറപ്പുവരുത്തുന്നതിനായി നടത്തിയ നൂതന പരിപാടിയാണ് മലയാള മധുരം. കുഞ്ഞുകഥകൾ ആസ്വദിച്ച് വായിക്കാനും, തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം ഒരുക്കി. ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയിലേക്ക് എത്തിക്കുന്നതോടൊപ്പം കുട്ടികളെ ആശയഗ്രഹണ വായനയിലേക്കും ഭാവാത്മക വായനയിലേക്കും നയിക്കുന്നതിലൂടെ ഭാഷാവികാസത്തിന് സാധ്യതയൊരുക്കുന്നു.

**പ്രവർത്തന ലക്ഷ്യങ്ങൾ:**

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.
- സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു

**പ്രവർത്തന ഘട്ടങ്ങൾ**

- അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം എസ്.ആർ.ജിയിൽ അവലോകനം ചെയ്യുന്നു. ( മെയ് അവസാനം)
- തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- CPTA യിൽ അവലോകനവും, തുടർപ്രവർത്തനങ്ങളുടെ വിശദീകരണവും (ജൂൺ ആദ്യവാരം)
- കുട്ടിയും രക്ഷിതാവും ചേർന്നവായന ആരംഭിക്കുന്നു (ജൂൺ)
- തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കലോത്സവം, വായനാ ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്തുന്നു. (ഓരോ ടേമിലും)
- കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- ഭാഷോത്സവത്തിൽ പുസ്തകം പ്രസിദ്ധീകരിച്ചു പ്രകാശനം നടത്തുന്നു.
- വ്യക്തിഗത പുസ്തകം തയ്യാറാക്കാനുള്ള പ്രോത്സാഹനം നൽകുന്നു.



AnyScanner

**വിലയിരുത്തൽ**

- മലയാള മധുരം പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്
- രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്
- വായനയുടെ ഘട്ടങ്ങൾ കൃത്യമായി പാലിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്
- കഥോത്സവം, വായനോത്സവം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്
- ഭാഷോത്സവത്തിന്റെ ഭാഗമായി കുഞ്ഞെഴുത്ത് പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്
- കുട്ടികളുടെ വിവിധ പ്രകടന രൂപങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് സമൂഹവുമായി പങ്കു വെച്ചിട്ടുണ്ട്

ചുമതല

ക്ലാസ് ടീച്ചർ, PTA, HM

സാമ്പത്തികം

PTA, SSK



AnyScanner

# സംയുക്ത ഡയറി

ദൈനംദിന രക്ഷിതാവിന്റെ/അധ്യാപികയുടെ സഹായത്തോടെ അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാകുന്നതിത് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും

**ലക്ഷ്യ പ്രസ്താവനകൾ**

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.

**പ്രവർത്തനഘട്ടങ്ങൾ**

- സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ ആദ്യവാരം)
- ക്ലാസ് പി.ടി.എയിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)
- എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- ജൂൺ മുതൽ ആരംഭിക്കുന്നു.
- ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.
- കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.
- കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.
- സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- എന്റെ ഡയറിക്കുറിപ്പ് എന്നതിലേക്കും മാറ്റാം (വ്യക്തിഗതമായി)



AnyScanner

## വിലയിരുത്തൽ

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ സംയുക്ത ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- എല്ലാ രക്ഷിക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്
- സർഗാത്മക ശേഷി വികാസത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതു സമൂഹവുമായും രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്.
- മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്തക രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.
- വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള സാധ്യത ഒരുക്കിയിട്ടുണ്ട്.
- തുടക്കം മുതലേ പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്.

## ചുമതല

*ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനാധ്യാപകൻ*
*സാമ്പത്തികം*
*എസ്.എസ്.കെ*



AnyScanner

## പാട്ടരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു.

കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാനകവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്.ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

**ലക്ഷ്യ പ്രസ്താവനകൾ**

- താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്ക്കരിക്കുകയും ചെയ്യുന്നു
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ-പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു. (ജൂൺ ആദ്യവാരം)
- ക്ലാസ് പി.ടി.എയിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)
- പാട്ടരങ്ങ് ഏകദിന ശില്പശാല പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകരണങ്ങളുടെ നിർമ്മാണം, കുട്ടികളെ കൂടി പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ, പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ (ജൂൺ രണ്ടാം വാരം)



AnyScanner

- തുടർപാഠങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (പാട്ടവതരണവും ആവിഷ്ക്കാരവും) വീഡിയോ ഡോക്യുമെന്റ് തയ്യാറാക്കൽ, പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായനാക്കാർഡുകളാക്കൽ (ജൂൺ 15 മുതൽ ഫെബ്രുവരി വരെ)
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (മാർച്ച് രണ്ടാം വാരം)

**വിലയിരുത്തൽ**

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- ക്ലാസ് പി.ടി.എ. യുടെയും പ്രാദേശിക റിസോഴ്സ്പേഴ്സൺമാരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.
- പ്രാദേശികമായി ലഭ്യമായ മെറ്റീരിയലുകൾ ഉപയോഗിച്ച് സംഗീതോപകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.
- പാഠഭാഗങ്ങളിൽ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി പാട്ടരങ്ങ് പ്രവർത്തന പരിപാടി തയ്യാറാക്കുകയും ക്ലാസ് മുറിയിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.
- കുട്ടികളുടെ അവതരണങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായും പൊതു സമൂഹവുമായും പങ്കു വെച്ചിട്ടുണ്ട്.
- പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ കവിതകളെ വായനാക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിച്ചിട്ടുണ്ട്.

**ചുമതല**

*ക്ലാസ് ടീച്ചർ,പി.ടി.എ, പ്രധാനാധ്യാപകൻ*

**സാമ്പത്തികം**

*എസ്. എസ്. കെ, പി.ടി.എ*



AnyScanner

## സചിത്ര പുസ്തകം

2023-24 വർഷത്തിൽ രണ്ടാം ക്ലാസിലെ 8 യൂണിറ്റുകളും സചിത്ര പാഠരൂപത്തിലാക്കിയാണ് കുട്ടികൾക്ക് മുന്നിൽ അവതരിപ്പിച്ചത്. ഉദ്ഗ്രഥിത പ്രവർത്തനങ്ങളിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കാൻ ഇത് സഹായകമായിട്ടുണ്ട്. പ്രവർത്തന നടത്തിപ്പിൽ അധ്യാപികയും വിദ്യാലയവും നേരിട്ട പ്രയാസങ്ങളെ മറികടന്ന് പുതുമാതൃകകൾ വികസിപ്പിക്കാൻ നമുക്ക് കഴിയണം. പുതിയ അക്കാദമിക വർഷത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് സചിത്ര പാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

### ലക്ഷ്യ പ്രസ്താവനകൾ

- രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്രപുസ്തകരൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.
- എല്ലാ കുട്ടികൾക്കും സചിത്രപുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു.
- കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു.
- പ്രവർത്തനങ്ങളിൽ പരിസരപഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പുവരുത്തുന്നു.

### പ്രവർത്തന ഘട്ടങ്ങൾ

- കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്രപാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു. (2024 മെയ്)
- വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ആദ്യ മൂന്ന് യൂണിറ്റുകൾ (2024 ജൂൺ 10)
- ഏകദിന രക്ഷാകർതൃ ശില്പശാല – സചിത്രപാഠങ്ങൾ പരിചയപ്പെടുത്തലും ആവശ്യമായ പിന്തുണ ഉറപ്പാക്കലും (2024 ജൂൺ 15 )
- സചിത്ര പുസ്തകം അജണ്ടയാക്കിയുള്ള പ്രതിമാസ രക്ഷാകർതൃ യോഗങ്ങൾ, വിലയിരുത്തൽ (എല്ലാ മാസവും )
- രണ്ട് മൂന്ന് ഘട്ടങ്ങളിൽ വർക്ക് ബുക്ക് വിതരണം (2024 ആഗസ്ത്, 2024 ഡിസംബർ)
- സചിത്ര ബുക്കുകൾ ഭാഷോത്സവത്തിൽ അവതരിപ്പിക്കൽ (മാർച്ച് രണ്ടാം വാരം)



AnyScanner

വിലയിരുത്തൽ

- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നതിൽ ടീച്ചർക്ക് ധാരണയുണ്ടെന്ന് ഉറപ്പുവരുത്തുന്നു.
- എല്ലാ കുട്ടികൾക്കും സചിത്രപാഠം വർക്ക് ബുക്ക് ഉറപ്പുവരുത്തുന്നു.
- എല്ലാ കുട്ടികളും സചിത്രപാഠം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- എല്ലാ രക്ഷിതാക്കളുടെയും പിന്തുണ ഉറപ്പുവരുത്തുന്നു.
- പ്രതിമാസ സി. പി. ടി. എ യോഗങ്ങളിൽ സചിത്ര പുസ്തകങ്ങൾ മുഖ്യ അജണ്ടയാവുന്നു. കുട്ടികളുടെ സചിത്ര പുസ്തകങ്ങൾ വിലയിരുത്തുന്നു
- ഭാഷോത്സവത്തിന്റെ ഭാഗമായി സചിത്രപാഠം അവതരിപ്പിക്കുന്നു

ചുമതല

*ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ*

സാമ്പത്തികം

*ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ*



AnyScanner

# റീഡേഴ്സ് തിയേറ്റർ

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാമികവുണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. തുടക്ക വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനക്കും ശ്രാവ്യവായനയ്ക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

**ലക്ഷ്യപ്രസ്താവനകൾ**

- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
- പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു
- ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ**

- റീഡേഴ്സ് തിയേറ്റർ എസ്. ആർ. ജിയിൽ ആശയം പങ്കിടൽ (2024 ജൂൺ)
- ക്ലാസ്. പി. ടി. എ. യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പു വരുത്തലും (2024 ജൂൺ മൂന്നാം വാരം)
- ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല (2024 ജൂലൈ രണ്ടാം വാരം)
- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, തെരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക (2024 ജൂലൈ 2025 മാർച്ച്)
- മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾതല സഭകളിൽ അവതരിപ്പിക്കാൻ അവസരം (2024 ജൂലൈ 2025 മാർച്ച്)
- ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം (2024 മാർച്ച് രണ്ടാം വാരം)

**വിലയിരുത്തൽ**

- റീഡേഴ്സ് തിയേറ്റർ പ്രവർത്തനത്തെക്കുറിച്ച് എസ്. ആർ. ജി , ക്ലാസ് പി.ടി.എ അംഗങ്ങൾക്ക് ധാരണ നൽകിയിട്ടുണ്ട്.



AnyScanner

- കുട്ടികളെ റീഡേഴ്സ് തിയേറ്റർ പ്രവർത്തനത്തിൽ പങ്കാളികളാക്കുന്നതിൽ അധ്യാപികക്ക് പ്രായോഗിക ധാരണയുണ്ട്.
- റീഡേഴ്സ് തിയേറ്റർ നടപ്പിലാക്കുന്നതിന് അനുയോജ്യമായ പാഠഭാഗങ്ങൾ, ലഘുബാല സാഹിത്യകൃതികൾ എന്നിവ കണ്ടെത്തിയിട്ടുണ്ട്.
- കുട്ടികൾക്ക് റീഡേഴ്സ് തിയേറ്റർ അവതരിപ്പിക്കുന്നതിനുള്ള സന്ദർഭം, വേദികൾ എന്നിവ ഒരുക്കുന്നു.
- മികച്ച അവതരണങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമാക്കുന്നു.
- പ്രവർത്തനത്തിന് പ്രാദേശിക കലാകാരന്മാരുടെ സേവനം ഉറപ്പുവരുത്തുന്നു.

**ചുമതല**

*ക്ലാസ് ടീച്ചർ, സി. പി.ടി.എ.*

**സാമ്പത്തികം**

*എസ്.എസ്.കെ, പി.ടി.എ*



AnyScanner

## നാട്ടുവിശേഷം കൂട്ടെഴുത്ത്

ഭാഷാപഠനം പരിസര പഠനവുമായി ബന്ധപ്പെടുത്തി സാധ്യമാക്കുന്നതിനായുള്ള ഒരു പ്രവർത്തന പദ്ധതിയാണ് നാട്ടുവിശേഷം കൂട്ടെഴുത്ത് . പ്രകൃതി നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കുട്ടികൾക്ക് കഴിയുന്നു. ശാസ്ത്രപ്രക്രിയാശേഷികളുടെ വികാസം ഉറപ്പുവരുത്തുന്നതിന് ഈ പ്രവർത്തനം സഹായകമാണ്. പ്രകൃതിയെ തൊട്ടറിഞ്ഞ് സഹവർത്തിത പഠനത്തിലൂടെ അറിവു നിർമാണം സാധ്യമാക്കാൻ ഈ പ്രവർത്തനത്തിനു കഴിയും

**ലക്ഷ്യ പ്രസ്താവനകൾ:**

- പരിസര പഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു
- പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.
- നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണംചെയ്യാൻ കഴിയുന്നു.
- മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.
- പുറം വാതിൽ പഠനത്തിനുള്ള സാധ്യത ഒരുക്കാൻ കഴിയുന്നു.
- പരിസര പഠനത്തിലൂടെ ഭാഷാപഠനം രസകരവും ലളിതവുമാക്കുന്നതിന് കഴിയുന്നു.
- പാഠപുസ്തകത്തിലെ ആശയങ്ങൾക്കനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കഴിയുന്നു.

**പ്രവർത്തന ഘട്ടങ്ങൾ :**

- നാട്ടുവിശേഷം കൂട്ടെഴുത്ത് പ്രവർത്തനം എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു.
- പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പുകൾ എന്നിവ എസ് ആർ ജി യിൽ ആസൂത്രണം ചെയ്യുന്നു.
- പിറ്റിഎ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- പാഠഭാഗത്തിനനുയോജ്യമായി പ്രകൃതിപഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം.
- പ്രവർത്തനങ്ങൾ നടപ്പിലാക്കൽ **(ജൂലൈ രണ്ടാം ആഴ്ചയിൽ ആദ്യ പ്രവർത്തനം ആരംഭം)**



AnyScanner

- കണ്ടെത്തലുകളുടെ അവതരണം.
- കൂട്ടെഴുത്ത് നടക്കുന്നു.
- എഡിറ്റിംഗ്, മെച്ചപ്പെടുത്തൽ, അവതരണം.
- പതിപ്പ് തയ്യാറാക്കൽ.
- പാഠഭാഗത്തിന് അനുസരിച്ച് കാലയളവ് കൃത്യതപ്പെടുത്തുന്നു.
- പ്രവർത്തനം അവലോകനം, വിലയിരുത്തൽ (ജൂലൈ അവസാനം)
- പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ.
- മികച്ചവ ഭാഷോത്സവത്തിൽ അവതരണം (ജനുവരി)

**വിലയിരുത്തൽ**

- ക്ലാസ്മുറിയിൽ പരിസര പഠന പാഠഭാഗത്തോടൊപ്പം ഭാഷാപഠനവും ഉൾച്ചേർത്ത് നൽകുന്നതിൽ അധ്യാപകർക്ക് ധാരണ ഉറപ്പാക്കുന്നു.
- പ്രക്രിയ ശേഷികൾക്ക് ഊന്നൽ നൽകിയുള്ള പരിസര പഠന സാധ്യത ബോധ്യപ്പെടുന്നു.
- മുഴുവൻ കുട്ടികളിലും പ്രക്രിയ ബന്ധിതമായ പഠനം ഉറപ്പാക്കാൻ കഴിയുന്നു.
- കൃത്യമായ ആസൂത്രണത്തിലൂടെ വാതിൽപുറ പഠന സാധ്യത ഉറപ്പാക്കുന്നു
- കുട്ടികളിൽ സഹവർത്തിത പഠനം ഉറപ്പാക്കുന്നു.
- 

ചുമതല : *ക്ലാസ് ടീച്ചർ , PTA , HM*

സാമ്പത്തികം : *SSK*



AnyScanner

# ക്ലാസ് പത്രം

രണ്ടാം ക്ലാസിലെ ഭാഷാപഠനവുമായി ബന്ധപ്പെട്ട ഒരു പഠന തന്ത്രമാണ് ക്ലാസ്പത്രം. ഓരോ കുട്ടിയെയും തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നതിന് ക്ലാസ്പത്രം സഹായിക്കുന്നു. ക്ലാസ്സിലെ കൂട്ടെഴുത്തിന്റെ ഒരു പ്രതിഫലനമാണ് ക്ലാസ്സ് പത്രം . ഒരു പത്രത്തിന്റെ ഘടന മനസ്സിലാക്കി കൃത്യതയോടെ ചെറുവാക്യങ്ങളിലൂടെ വാർത്തകൾ രൂപപ്പെടുത്താനുള്ള ഒരു ഇതിലൂടെ നേടാൻ സാധിക്കും.

**ലക്ഷ്യപ്രസ്താവനകൾ:**

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- രചനാ ശേഷി പരിപോഷിപ്പിക്കുന്നു.
- വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ ഭാഷാ പഠനം സാധ്യമാക്കുന്നു
- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണ്ണതയോടെ എഴുതാൻ കഴിവു നേടുന്നു.
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും കഴിയുന്നു.
- പരസ്പരം പിന്തുണ ഉറപ്പുവരുത്താൻ കൂട്ടെഴുത്തിലൂടെ സാധിക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.

പ്രവർത്തനഘട്ടങ്ങൾ :

- ക്ലാസ്പത്രം ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു. (ജൂലൈ അവസാനം )
- ക്ലാസ് പിറ്റി എ യിൽ പദ്ധതി അവതരിപ്പിക്കുന്നു , പിന്തുണ ഉറപ്പാക്കുന്നു . ജൂലൈ അവസാനം)



AnyScanner

- കുട്ടികൾ രക്ഷിതാവിന്റെ സഹായത്തോടെ അനുഭവങ്ങൾ വാർത്താ രൂപത്തിൽ എഴുതുന്നു. ഉചിതമായ ഫോട്ടോകൾ /ചിത്രങ്ങൾ ഉൾപ്പെടുത്തുന്നു.
- അധ്യാപികയുടെനേതൃത്വത്തിൽ ആവശ്യമായ എഡിറ്റിംഗ് നടത്തുന്നു.
- ക്ലാസിൽ പത്രം തയ്യാറാക്കൽ (ആഗസ്റ്റ് ആദ്യവാരം)
- അസംബ്ലിയിൽ വായിച്ചവതരിപ്പിക്കുന്നു.
- ഓരോ മാസവും ഓരോന്ന് പ്രസിദ്ധീകരിക്കുന്നു
- രചനോത്സവത്തിൽ പ്രദർശനം, അവതരണം
- വിശേഷാവസരങ്ങളിൽ പ്രത്യേക പതിപ്പ് തയ്യാറാക്കുന്നു.
- ഭാഷോത്സവത്തിൽ പ്രദർശനവും അവതരണവും നടത്തുന്നു. (ജനുവരി )
- സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നു. (ഫെബ്രുവരി)

**വിലയിരുത്തൽ :**

- വ്യത്യസ്തവും ആകർഷകവുമായ രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.
- രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.
- കൂട്ടെഴുത്തിനുള്ള സാധ്യത ഉറപ്പാക്കിയിട്ടുണ്ട്.
- വിഭിന്ന നിലവാരക്കാരെ പരിഗണിക്കാൻ കഴിഞ്ഞിട്ടുണ്ട്
- ആദ്യ ഘട്ടം മുതൽ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായി പങ്കുവച്ചിട്ടുണ്ട്.
- തയ്യാറാക്കിയ പത്രങ്ങൾ സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.
- കൗതുകകരമായ വാർത്തകൾ തുടർ വായനയ്ക്കായി വായനകാർഡുകളാക്കി മാറ്റിയിട്ടുണ്ട്.

**ചുമതല** : ക്ലാസ് ടീച്ചർ, HM, PTA

**സാമ്പത്തികം:** SSK, PTA



AnyScanner

## രചനോത്സവം

ലഘു വ്യവഹാരരൂപങ്ങൾ വിശേഷണപദങ്ങൾ ചേർത്തെഴുതാൻ രണ്ടാം ക്ലാസിലെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. കഥ, കവിത, ഡയറി, ക്ഷണക്കത്ത്, സംഭാഷണം, വിവരണം തുടങ്ങിയ വ്യവഹാരരൂപങ്ങളാണ് രണ്ടാം ക്ലാസിൽ പരിചയപ്പെടുന്നത്. ലേഖന പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പഠനലക്ഷ്യത്തിലെത്തുക എന്നതാണ് രചനോത്സവം കൊണ്ട് ലക്ഷ്യമിടുന്നത്.

### ലക്ഷ്യ പ്രസ്താവന

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു
- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.
- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

### പ്രവർത്തന ഘട്ടങ്ങൾ

- രചനോത്സവം പ്രവർത്തന മാർഗരേഖ അംഗീകരിച്ച് എസ്. ആർ. ജി.യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ 2ാം വാരം)
- സി.പി.ടി.എ.യിൽ രചനോത്സവം പ്രവർത്തന പദ്ധതി അവതരിപ്പിച്ച് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക (ജൂൺ 3ാം വാരം)
- പ്രതിമാസ രചനോത്സവം (ജൂലൈ ഫെബ്രുവരി )
- രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ (2024 സെപ്തംബർ,ഡിസംബർ,മാർച്ച് 2025)
- കുട്ടികളുടെ വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ (മാർച്ച് 2025)

### വിലയിരുത്തൽ

- രചനോത്സവത്തിൽ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

- പ്രാദേശികവും ലഭ്യവുമായ റിസോഴ്സ് പേഴ്സൺസിന്റെ സേവനം ലഭ്യമാക്കുന്നു.
- എല്ലാ വ്യവഹാരരൂപങ്ങൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട് എന്നുറപ്പ് വരുത്തുന്നു.
- കൃത്യമായ ഇടവേളകളിൽ ക്ലാസ്തല രചനോത്സവം സംഘടിപ്പിക്കുന്നു
- രക്ഷാകർതൃ പ്രാദേശിക പിന്തുണ ഉറപ്പുവരുത്തുന്നു.

**ചുമതല**

ക്ലാസ് ടീച്ചർ,പി.ടി.എ

**സാമ്പത്തികം**

പി.ടി.എ.എസ്. എസ്. കെ



AnyScanner

# ഭാഷോത്സവം

രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരുമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടമാക്കാൻ ഭാഷോത്സവത്തിലൂടെ കഴിയും. ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും ഭാഷോത്സവം കുട്ടികളെ പ്രാപ്തരാക്കുന്നു.

**ലക്ഷ്യ പ്രസ്താവനകൾ:**

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനയ്ക്ക് സാധ്യത ഒരുക്കുന്നു
- കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു
- ഭാഷാ പഠനം അനുഭവാധിഷ്ഠിതമാക്കുന്നതിന് കഴിയുന്നു
- ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാരരൂപങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് കഴിയുന്നു.
- ആശയ പൂർണതയോടെ തത്സമയ രചനകൾ നടത്താൻ പ്രാപ്തരാക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ:**

- ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു
- പി.റ്റി.എ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു.
- പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു
- ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു
- സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.



AnyScanner

- ജനുവരിയിൽ ഭാഷോത്സവം സംഘടിപ്പിക്കുന്നു.
- SRG യിൽ അവലോകനം ചെയ്യുന്നു

**വിലയിരുത്തൽ :**

- ലക്ഷ്യ പ്രാപ്തിയ്ക്കായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്
- മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കാൻ തരത്തിൽ കുട്ടികളെ പ്രാപ്തരാക്കിയിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്രരചനകളെ വായനക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്
- ഭാഷോത്സവം ജനകീയമാക്കുന്നതിനുള്ള ആസൂത്രണം നടത്തിയിട്ടുണ്ട്
- കഥോത്സവം, രചനോത്സവം മറ്റു ഭാഷാപ്രവർത്തനങ്ങൾ എന്നിവ വീഡിയോ ഡോക്യുമെന്റ് ചെയ്ത് പൊതു സമൂഹത്തിൽ പങ്കുവച്ചിട്ടുണ്ട്.

ചുമതല: SRG, PTA, HM

സാമ്പത്തികം : SSK, PTA



AnyScanner

# മലയാളം

**ലക്ഷ്യം :**

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞു അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

**മേഖല :** ഭാഷ

**പ്രവർത്തനങ്ങൾ**

- ചിത്ര കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ടത്)
- ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ, പ്രദർശനം നടത്തൽ
- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- ചിത്ര കാർഡുകൾ ഉപയോഗിച്ച് വളരുന്ന വാക്യങ്ങൾ പറയുന്നു.

  ഉദാഹരണം : പൂവ്

  റോസാപ്പൂവ്

  ചുമന്ന റോസാപ്പൂവ്

- വായിച്ചവയെ മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നു. ചിത്രം നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കൽ, കഥ പൂർത്തിയാക്കൽ, കവിതാപൂരണം തുടങ്ങിയവ (സ്വതന്ത്ര രചന)

ആകാശം

നീല ആകാശം

മേഘങ്ങൾ

നിറയെ മേഘങ്ങൾ

വെളുത്ത മേഘങ്ങൾ

പറക്കുന്ന മേഘങ്ങൾ

മാനം തെളിഞ്ഞു

തേനീച്ച പറന്നുയർന്നു

പറന്നു പറന്നു

മലയുടെ താഴെ എത്തി

ഹായ് മഞ്ഞ പൂക്കൾ

പാടം നിറയെ പൂക്കൾ

തേനീച്ച തേൻ കുടിച്ചു

വയറു നിറഞ്ഞു.

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചനാ മത്സരം അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ SRG SMC | |
| പ്രകൃതിയെ അറിയാൻ. | പ്രകൃതി നടത്തം കാഴ്ചബംഗ്ലാവിലേക്ക്. കാണാകാഴ്ചകൾ - ഇഇ | സപ്തംബർ ഡിസംബർ | ടീച്ചേർസ് SRG SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം. കൃഷിയിടത്തിലേക്ക്. നമുക്കും കർഷകരാകാം | ജനുവരി | SRG SMC നാട്ടുകാർ | |

AnyScanner

Downloaded from: https://textbooksall.blogspot.com/

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ<br>കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | | |

AnyScanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് - II

## പരിസര പഠനം

ലക്ഷ്യം :

ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് അവയുടെ പ്രത്യേകതകൾ കണ്ടെത്തുന്നു. ഈ പ്രത്യേകതകൾക്കനുസരിച്ച് സസ്യങ്ങളെ തരംതിരിക്കുന്നു, പട്ടികപ്പെടുത്തുന്നു.

പ്രവർത്തനങ്ങൾ :

- ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എല്ലാ കുട്ടികളും സ്വന്തമായി വൃക്ഷത്തൈകൾ നടുകയും വളർച്ച നിരീക്ഷിക്കുകയും ചെയ്യുന്നു.
- ടീച്ചർ ഒരു ചെടി പിഴുത് ക്ലാസിൽ കൊണ്ടുവരുന്നു. ചെടിയുടെ ഭാഗങ്ങൾ പരിചയപ്പെടുത്തുന്നു. ചെടി വരയ്ക്കുന്നു. ഭാഗങ്ങൾ അടയാളപ്പെടുത്തുന്നു.
- വിവിധതരം ചെടികളുടെ വിത്ത് മുളപ്പിക്കൽ പരീക്ഷണം നിരീക്ഷിച്ച് ഓരോ ദിവസത്തെയും മാറ്റങ്ങൾ രേഖപ്പെടുത്തുന്നു
- ജല സസ്യങ്ങൾ ഉൾപ്പെടെയുള്ള വിവിധതരം സസ്യങ്ങൾ പരിചയപ്പെടുന്നതിനായി സ്കൂളിൽ ഒരു സസ്യോദ്യാനം.
- സ്കൂളിനകത്തുള്ള വിവിധതരം മരങ്ങളുടെ പേരുകൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു - CPTA (മാസ്റ്റർ പ്ലാൻ അവലോകനം)

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമു ള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചനാ മ ത്സരം അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ SRG SMC | |
| പ്രകൃതിയെ അറി യാൻ. | പ്രകൃതി നടത്തം കാഴ്ചബംഗ്ലാവി ലേക്ക്. കാണാക്കാഴ്ചകൾ - ഇല | സപ്തംബർ ഡിസംബർ | ടീച്ചേർസ് SRG SMC | SMC |
| നാടറിയാൻ - നാട്ട റിവുകൾ | കർഷകരുമായി അഭിമുഖം. കൃഷിയിടത്തിലേക്ക്. നാമുക്കും കർഷക രാകാം | ജനുവരി | SRG SMC നാട്ടുകാർ | |

AnyScanner

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ)<br>ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | S S A |

AnyScanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് - II

## ഗണിതം

ലക്ഷ്യങ്ങൾ :

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- ഗണിതകിറ്റ് ഉപയോഗിച്ച് ഗണിത ആശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു. (100 ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ.
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു, വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

പ്രവർത്തനങ്ങൾ

- 1, 2, 3, 4, ............

  1, 3, 5, 7, ............

  10, 20, 30, 40, ...............

  2, 4, 6, 8,10, ............... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാപബോധം കണ്ടെത്തൽ



AnyScanner

- ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ടുമുമ്പുള്ള സംഖ്യയും കിട്ടും എന്ന അറിവ് ഉണ്ടാക്കൽ
- പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

  99 നോട് 1 കൂട്ടിയാൽ 100

  10 പത്തുകൾ ചേർന്നാൽ 100 ആകും

  100 ഒന്നുകൾ ചേർന്നതാണ് 100
- വില വിവര പട്ടിക തയ്യാറാക്കൽ
- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു. (രണ്ടക്ക സംഖ്യയിൽ നിന്നും ഒരക്ക സംഖ്യയുടെ വ്യവകലനം, രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലനം, വ്യവകലനം)
- സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)
- പ്രായോഗിക പ്രശ്നപരിഹാരത്തിനായി കളി നോട്ടുകൾ പേപ്പർ മുഖേനെ വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
- സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ
- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk...... പ്രതിഭാധനരുമായി സംവാദിക്കൽ.<br>English ബാലസഭ.<br>ഇംഗ്ലീഷ് അസംബ്ലി<br>One day English | മൂന്ന് മാസത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | S S A |

AnyScanner

# ACADEMIC MASTER PLAN

## ENGLISH

## CLASS- II

**Aim :** To speak, Read and Write English without any mistakes

**Time :** June, July, August

**Pretest**

To develop listening skills and reading skills

**First**

**Listening Skills**

Games, Action Songs, Hello English activities, conversations

**Speaking Skills**

Descriptions, growing sentences, picture reading, picture description self introduction, Assembly activities- speech, book review, quiz riddles etc

**Reading skills**

Newspaper reading, library books reading, book review, reading breaking news, find words. Collect and read new words, rhyming words, describing words, Textbook activities

**Writing Skills**

Make Word Web, Picture description, make words and sentences, conversations, Add more lines and develop story description.



AnyScanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ക്ലാസ് - II

## അറബി

ലക്ഷ്യം : അറബി അക്ഷരങ്ങൾ, വാക്കുകൾ എന്നിവ എഴുതാനും വായിക്കാനും പ്രോത്സാഹിപ്പിക്കുന്നു

കാലയളവ് : ജൂൺ 2022 - മാർച്ച് 2023

പ്രവർത്തനങ്ങൾ :

1. കുട്ടിയെ മനസിലാക്കുന്നു
2. ശ്രദ്ധിച്ച് കേൾക്കാനും വായിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കൽ
3. ചിത്രങ്ങളുടെ സഹായത്താൽ അവയുടെ പേരുകൾ പഠിക്കുന്നു
4. അറബി അക്ഷരങ്ങൾ ചേർത്തെഴുത്തു പരിശീലിപ്പിക്കുന്നു
5. അക്കങ്ങൾ അറബിയിൽ പറയാൻ പരിശീലിപ്പിക്കുന്നു
6. കളർ തിരിച്ചറിയാനും പറയാനുമുള്ള കഴിവ് വർദ്ധിപ്പിക്കുന്നു
7. കുട്ടികൾക്ക് വായന കാർഡുകൾ ഉപയോഗിച്ച് അക്ഷരങ്ങൾ ഹൃദിസ്ഥമാക്കുക
8. ചിത്രം വരച്ചു അവയുടെ പേരുകൾ അറബിയിൽ മനസിലാക്കുന്നു
9. വായനാകാർഡുകൾ രക്ഷിതാക്കളുടെ സഹായത്താൽ പരിശീലിപ്പിക്കുന്നു
10. അറബിയിൽ എണ്ണാൻ പഠിപ്പിക്കുന്നു. സംഖ്യകൾ കാർഡുകളായി നൽകി പരിശീലിപ്പിക്കുന്നു



AnyScanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് - III

## മലയാളം

**ലക്ഷ്യം :**

- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്

**മേഖല : വായന**

**പ്രവർത്തനങ്ങൾ**

- കുട്ടികളുടെ നിലവാരം അറിയുന്നതിന് വേണ്ടി പ്രീ - ടെസ്റ്റ്
- അക്ഷരം ഉറപ്പിക്കൽ
- അക്ഷരക്കാർഡ് നൽകൽ, ചിഹ്നങ്ങൾ അടങ്ങിയ കാർഡ്
- വാക്കുകൾ എഴുതിയ കാർഡ്
- വാക്യങ്ങൾ നിർമ്മിക്കൽ
- ചിത്രം നൽകി അടിക്കുറിപ്പ്, കഥ, കവിത, ബാക്കിഭാഗം പൂരിപ്പിക്കുക
- വലിയ അക്ഷരമുള്ള കഥാപുസ്തകം നൽകൽ
- വായനക്കൂട്ടം
- അമ്മ വായന
- പത്ര വായന
- സമീപത്തുള്ള ഗ്രന്ഥശാലയിൽ മെമ്പർഷിപ്പ് എടുക്കുക
- വിദ്യാരംഭം, സർഗ്ഗമേള, ബാലസഭ എന്നിവ സ്കൂളിൽ നടത്തുന്നു
- സാഹിത്യകാരന്മാരുമായുള്ള അഭിമുഖം
- കഥയരങ്ങ്



AnyScanner

### പ്രവർത്തനങ്ങൾ

- കളം നിറയ്ക്കാം
- കണ്ടെത്താം
- സംഖ്യ പുഷ്പം
- മുൻപിലും പിൻപിലും
- സംഖ്യകൾ കാണാം കമ്പു നിരത്താം
- എണ്ണം എഴുതാം
- മുത്തുകൾ കോർക്കാം സംഖ്യകൾ പറയാം
- ചേർത്തു നിർത്താം തുകയിലെത്താം
- വലുതും ചെറുതും
- ക്രമത്തിൽ ആക്കാം എണ്ണം പറയാം
- കാർഡെടുക്കാം കണക്ക് കൂട്ടാം
- സംഖ്യാ പ്ലേറ്റ് നിറയ്ക്കാം



AnyScanner

# അക്കാദമിക് മാസ്റ്റർപ്ലാൻ

ഗവൺമെന്റ് എൽ.പി.എസ്.ചേങ്കോട്ടുകോണം ക്ലാസ് 3

## മലയാളം

**ലക്ഷ്യങ്ങൾ:-**

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും,

- സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും, അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
- കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
- രചനകൾ ഭവാത്മകമായി വായിക്കും.
- ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻ പാട്ട്, കടങ്കഥ, പഴഞ്ചൊല്ല്...മുതലായവ ) ഹൃദിസ്ഥമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
- ലഘുവായ സർഗാത്മക രചനകൾ നടത്തും. (കഥ, കവിത, ഡയറി, ചിത്രം)
- കഥകളെയും കവിതകളേയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്ക്കരിക്കും.
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്ക്കരിക്കും (വിവരണം, സംഭാഷണം)

**ഇതിനായി ഞാൻ നടത്തുന്ന മുന്നൊരുക്കങ്ങൾ:-**

**ജൂൺ - ജൂലായ്**

**1. കനകച്ചിലങ്ക**

- നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്)
- പഴഞ്ചൊല്ലുകൾ ശേഖരണം

- കഥാശേഖരം -ക്ലാസ് ലൈബ്രറി നവീകരണം (നാട്ടുകഥകൾ)
- നാടൻ പാട്ടിലെയും കവിതയിലെയും താളം (കവിത ചൊല്ലൽ ശില്പശാല)
- കഥോത്സവം (നാടൻ കഥകളുടെ അവതരണ ശില്പശാല)

- കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ - കടങ്കഥ പതിപ്പ് - കടങ്കഥപ്പയറ്റ്

- കലയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം - അഭിമുഖസംഭാഷണം
- കലാരൂപങ്ങൾ വേഷവിധാനം - ചിത്ര ശേഖരണം - ആൽബം

- പാവ നാടകത്തെ അടുത്തറിയാം - ശില്പശാല

AnyScanner

## ആഗസ്റ്റ്, സെപ്തംബർ

### 2. പലഹാരപ്പൊതി

- കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കിവയ്ക്കൽ
- ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ
- നാടക ശില്പശാല
- റോൾപ്ലേ അവതരണങ്ങൾ
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം
- പലഹാരമേള - പാചക കുറിപ്പ് തയ്യാറാക്കൽ
- കത്തുകൾ മാതൃകകൾ
- ഹരിത കർമ്മ സേന അംഗങ്ങളുമായി അഭിമുഖം
- സ്കൂൾ പത്രം
- വിമല വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ
-
-
-

### സി പി ടി എ ഒന്നാം മികവുത്സവം

നാടോടിക്കഥകളുടെ അവതരണം
നാടൻ പാട്ടുകളുടെ അവതരണം
പാവനാടകം അവതരണം,

## ഒക്ടോബർ

### 3. മനുഷ്യന്റെ കൈകൾ

- കൃഷിയിടം സന്ദർശനം
- കൃഷിപ്പാട്ടുകൾ കൃഷിച്ചൊല്ലുകൾ അവതരണം
- കുട്ടിക്കളികൾ:_ കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം, പതിപ്പ്
- നാടൻ പാട്ട് ശില്പശാല
-
-

AnyScanner

# ACADEMIC MASTER PLAN

## ENGLISH

## CLASS III

**AIM :** **To speak, read and write English without any mistakes**

**TIME :** **June to March**

**PRETEST**

- To check the vocabulary and writing skills of pupils

**June & July**

- To develop listening skills and reading skills

**Listening Skills**

1. Games, Action songs, Hello English activities
2. Conversations skill, stories use ICT

**Speaking skills**

1. Identify the naming words from the picture
2. Identify the action words from the same pictures
3. Make simple sentences using the action word and naming words about the picture
4. Make symbol description about the picture
5. Growing sentences, picture reading, self introduction, Assembly are also conducted



AnyScanner

**ACTIVITIES:**

- Speech, book review, quiz riddles, self introduction

**August and September**

- Develop the creative speaking and writing

**Reading Skills**

1. Newspaper reading, library books reading, book review, reading breaking news
2. Find words
3. Collect and read past tense
4. Rhyming words
5. Describing words etc
6. Text book activities

**Writing Skills**

1. Make word web
2. Picture description with describing words
3. Word chain, sentence chain
4. Make words and sentences
5. Make riddles, conversations
6. Add more lines

**ACTIVITIES:**

- Speech, book review, quiz, riddles, self introduction, school radio, make description, magazines, etc

**October and November**

- To express thoughts, feelings, etc



AnyScanner

**Reading Skills**

1. Newspaper reading, library books reading, book review reading
2. Conversations, Skit, stories use ICT materials
3. Reads braking news
4. Develop story
5. Read notice

**Writing Skills**

1. Description
2. Notice proclamation
3. Thought

**ACTIVITIES:**

- Speech, quiz, riddles, school radio, make magazines, skits, etc

**December and January**

- Develop the creative speaking and writing

**Reading Skills**

1. Newspaper reading, library books reading, book review reading
2. Reads breaking news
3. Develop story
4. Reads diary
5. Reads letters from friends

**Writing skills**

1. Diary
2. Letter
3. Announcement



AnyScanner

**ACTIVITIES:**

- Speech, quiz, riddles, school radio, make magazines

**February and March**

- To improve the presentation power

**Reading Skills**

1. Newspaper reading, library books reading, book review reading
2. Conversations, Skit, stories use ICT materials
3. Reads breaking news
4. Develop story
5. Reads diary
6. Reads letters from friends

**Writing Skills**

1. Diary
2. Letter
3. Announcement
4. Description
5. Notice proclamation
6. Thought

**ACTIVITIES:**

- Speech, quiz, riddles, school radio, make magazines, skits, class room, post office, exhibition, etc



AnyScanner

## E.V.S

To create and develop an environment friendly attitude in children

### Activities

### Activities related to World Environment Day

1. Planting new saplings, trees and plants at school and house premises.
    - Distribute new plants to all children for a better tomorrow.
    - Slogans and poem recitation to encourage an eco friendly attitude in children
2. Identify the plants in our neighborhood.
    - Make list of different type of plants in school and home.
    - Classify the things as living and non-living.
    - Find out the peculiarities of living and non living things.
3. Field Trip
    - to paddy field, small forest, pond, sacred grave, etc
    - Collect pictures of living, non living things.
    - Collect pictures of different types of fruits and seeds
    - Biggest and smallest seed in neighborhood.
4. Main things for the existence of living organisms
    - Collect pictures and prepare album
5. Importance of water
    - List sources of water. Needs of water, Find out how water is wasted. Activities to preserve water, Activities to prevent water pollution
6. Importance of Hygiene
    - Develop hygiene habits; discuss the situations of health problems and hygiene. Suggest the plans to keep our neighborhood clean and hygiene. Develop hygiene habits in children



AnyScanner

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്ത് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | | |

AnyScanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് - III

## ഗണിതം

**ലക്ഷ്യങ്ങൾ:**

- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1000 വരെയുള്ള സംഖ്യാബോധവും, അടിസ്ഥാന ക്രിയാശേഷികളും ഉറപ്പിക്കുക
- മത്സരബുദ്ധി ഉണർത്തുന്നതും താല്പര്യം ജനിപ്പിക്കുന്നതുമായ കളികൾ, സംഘപ്രവർത്തനം എന്നിവയിലൂടെ ഗണിത പഠനം ആയാസകരവും ആകർഷകവുമാക്കുക
- നിത്യ ജീവിതവുമായി ബന്ധപ്പെടുത്തിയുള്ള ഗണിത പഠന പ്രത്യേകത ഒരുക്കുന്നു.
- മൂർത്ത വസ്തുക്കളിലൂടെ ഗണിത പഠനാനുഭവങ്ങൾ ആസൂത്രണം ചെയ്ത്, കുട്ടികളുടെ യുക്തിചിന്തയും ആത്മവിശ്വാസവും വർധിപ്പിക്കുക.
- ഗണിത ആശയങ്ങൾ കുട്ടികളിൽ എത്തിക്കാൻ പസിലുകൾ, പാട്ടുകൾ, കഥകൾ, കുസൃതി കണക്കുകൾ ഇവ ഉപയോഗപ്പെടുത്തുക
- ഭിന്നതലത്തിലുള്ള കുട്ടികളുടെ ഗണിത നിലവാരം അറിഞ്ഞ് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
- വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ ആവിഷ്കരിച്ച് സങ്കലന, വ്യവകലന, ഗുണനക്രിയകൾ മനോഗണിതത്തിലൂടെ ചെയ്യുക

**പ്രവർത്തനങ്ങൾ**

- രണ്ടക്ക സംഖ്യകളെ വിവിധ രീതിയിൽ വ്യാഖ്യാനിക്കൽ, രണ്ടക്ക സംഖ്യകൾ ഉപയോഗിച്ചുള്ള സങ്കലന, വ്യവകലന ക്രിയകൾ
- പണം നിക്ഷേപിക്കുന്ന പ്രവർത്തനം
- ക്ലാസിൽ ഒരു കട (പ്രവർത്തനം)



AnyScanner

- മൂന്നക്ക സംഖ്യകളുടെ വ്യാഖ്യാനം   100 മുതൽ 200 വരെ
- 100 വീതം കൂട്ടി 1000 വരെ എഴുതുന്നു
- ഗണിത വിജയ ശില്പശാല, മഞ്ചാടി, ഈർക്കിൽ എന്നിവ ഉപയോഗിച്ച് മൂന്നക്ക സംഖ്യാക്കൂട്ടങ്ങൾ
- സ്ഥാനവില പോക്കറ്റ്
- വിവിധതരം ഗണിത കേളികളിൽ ഏർപ്പെടൽ
- വർക്ക് ഷീറ്റ് പ്രവർത്തനങ്ങൾക്ക് സാധ്യതയൊരുക്കൽ
- മൂന്നക്ക സംഖ്യകൾ (അബാക്കസ്, കളി നോട്ട്) സ്ഥാന വിലയിൽ അറിവ് വർദ്ധിപ്പിക്കൽ
- കളി നോട്ടുകളുടെ ഉപയോഗം കൂടുതൽ ഉപകാരപ്പെടുത്തൽ
- സംഖ്യാക്കൂട്ടങ്ങളിൽ നിന്ന് വലിയ സംഖ്യ, ചെറിയ സംഖ്യ എന്നിവ കണ്ടെത്തുന്നു
- ചതുഷ്ക്രിയ പ്രവർത്തനങ്ങൾ ഉറപ്പാക്കൽ
- മൂന്നക്ക സംഖ്യകൾ ഉപയോഗിച്ചുള്ള പ്രശ്നപരിഹാര പ്രവർത്തനങ്ങൾ
- ഗുണനിലവാര പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തൽ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ക്ലാസ് - III

## അറബി

ലക്ഷ്യം : വായന, എഴുത്ത്, എന്നീ ശേഷികൾ നേടുക

കാലം : ജൂൺ 2022 - മാർച്ച് 2023

പ്രവർത്തനങ്ങൾ :

1. കുട്ടിയെ മനസിലാക്കുന്നു
2. ചിത്രങ്ങൾ കാണിച്ച് അക്ഷരങ്ങളും പദങ്ങളും പരിചയപ്പെടുത്തുന്നു
3. ICT ഉപയോഗിച്ച് ചുറ്റുപാടുമുള്ള വസ്തുക്കളെ കണ്ടെത്തുന്നു
4. ചിത്രങ്ങൾ നോക്കി പദങ്ങളും വാക്യങ്ങളും എഴുതാനും വായിക്കാനും കഴിയുന്നു.
5. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കൂടുതൽ ശ്രദ്ധ നൽകുന്നു
6. ചിത്രങ്ങൾ കാണിച്ച് അവയുടെ പേരുകൾ പറയിക്കുന്നു
7. അറബിയിൽ സ്വയം പരിചയപ്പെടുത്താൻ പ്രാപ്തരാക്കുന്നു
8. പദ സമ്പത്ത് വർധിപ്പിക്കൽ, അക്ഷരങ്ങളുടെ സാമ്യ വ്യത്യാസങ്ങൾ തിരിച്ചറിയൽ
9. ചിത്രം വരച്ച് കളർ നൽകി, കളറിന്റെ പേര് അറബിയിൽ
10. ദിനങ്ങളുടെ പേരുകൾ അറബിയിൽ പറയാൻ ശീലിപ്പിക്കുന്നു



AnyScanner

Downloaded from: https://textbooksall.blogspot.com/

# English – Std IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| ഇംഗ്ലീഷ് പദ്യപാരായണം വായന കഥയും സംഭാഷണവും ഫലപ്രദമാക്കുന്നതിലൂടെ ഭാഷ മെച്ചപ്പെടുത്തൽ | ആഴ്ചയിൽ ഒരു ദിവസം അസംബ്ലി ഇംഗ്ലീഷിൽ (അസംബ്ലിയുടെ ചുമതല വിദ്യാർത്ഥികൾക്ക് കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള കഴിവ് | ദിവസവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുക | ആഴ്ചയിൽ ഒരു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ ദൃശ്യാവിഷ്കാര രൂപത്തിലാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ ആവിഷ്കാരത്തിന് വേദിയൊരുക്കം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാഗസിൻ തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

AnyScanner

Downloaded from: https://textbooksall.blogspot.com/

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br>വായനാവേള ഒരുക്കൽ<br>വായനാകുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | [illegible] | [illegible] |

# ACADEMIC MASTER PLAN

## ENGLISH

## CLASS IV

AIM :

- To speak, read and write English without any mistakes

Time : June, July, August

**June**

**Pretest**

- To develop listening skills and reading skills

**Listening Skills**

- Games, Action songs, Hello English activities, conversations, skit, stories use ICT

**Speaking skills**

- Descriptions, growing sentences, picture reading, picture description, self introduction, Assembly activities, speech, book review, quiz riddles, school radio, etc

**July & August**

**Reading skills**

- Newspaper reading, library books reading, book review, reading breakfast news, find words, collect and read past tense, rhyming words, describing words, text book activities, etc

**Writing skills**

- Make word web, picture description, word chain, sentence chain, make words and sentences, make riddles, conversations, Add more lines, develop story, description, notice proclamation, diary, letter, Announcement, Magazines



AnyScanner

## ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം..ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | [illegible]<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

AnyScanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് - IV

## ഗണിതം

കാലയളവ് : ജൂൺ മുതൽ മാർച്ച് വരെ

**ലക്ഷ്യങ്ങൾ :**

- നാലാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 10000 വരെയുള്ള സമഗ്രമായ സംഖ്യാ ബോധവും അടിസ്ഥാന ക്രിയാശേഷികളും ഉറപ്പിക്കുക (വിശകലനം, വ്യാഖ്യാനം, സംഖ്യാ ബന്ധം, സ്ഥാന വില, എണ്ണം, വായന, എഴുത്ത്, താരതമ്യം, ആരോഹണം, അവരോഹണ ശ്രേണികൾ, പ്രായോഗിക പ്രശ്ന നിർദ്ധാരണം, നാണയങ്ങൾ, നോട്ടുകൾ കൈകാര്യം ചെയ്യൽ, വലുത്, ചെറുത്, നിഗമനം, വിശദീകരണം, യുക്തി ചിന്ത, ഊഹം, അപഗ്രഥനം, പട്ടികപ്പെടുത്തൽ, ഒറ്റ ഇരട്ട സംഖ്യകൾ, പിരിച്ചെഴുതൽ, കൂട്ടങ്ങളാക്കൽ, സങ്കലനം, വ്യവകലനം, ഗുണനം, സംഖ്യ രൂപീകരണം, മനോഗണിതം)
- മത്സര ബുദ്ധി ഉണർത്തുന്നതും താൽപര്യം ജനിപ്പിക്കുന്നതുമായ പ്രവർത്തനം എന്നിവയിലൂടെ ഗണിത പഠനം ആയാസകരവും ആകർഷകവു മാക്കുക
- നിത്യ ജീവിതവുമായി ബന്ധപ്പെടുത്തിയുള്ള ഗണിത പഠന പ്രക്രിയകൾ ഒരുക്കുന്നു
- മൂർത്ത വസ്തുക്കളിലൂടെ ഗണിത പഠനാനുഭവങ്ങൾ ആസൂത്രണം ചെയ്ത് കുട്ടികളുടെ യുക്തി ചിന്തയും ആത്മവിശ്വാസവും വർദ്ധിപ്പിക്കുക

**പ്രവർത്തന ക്രമം**

- എസ് . ആർ. ജി യോഗം
- പ്രീ ടെസ്റ്റ്
- ക്ലാസ് പി. ടി. എ
- ഗണിതോപകരണ നിർമ്മാണ ശില്പശാല



AnyScanner

സാമഗ്രികൾ

- ഈർക്കിലുകൾ, അബാക്കസ്, സംഖ്യാ കാർഡുകൾ, മഞ്ചാടിക്കുരു, മുത്തുകൾ, ഡൈസ്, അരവിന്ദ് ഗുപ്തയുടെ സ്ഥാന വില സ്ട്രിപ്പ്, പേപ്പർ കപ്പുകൾ, കളി നോട്ടുകൾ, ഗോലികൾ, നാണയങ്ങൾ, സംഖ്യാ പോക്കറ്റുകൾ, പൊട്ടുകൾ, വർക്ക് ഷീറ്റുകൾ, സംഖ്യാ റിബൺ, വിസിൽ, സംഖ്യാ ടോക്കൺ, ഗെയിം ബോർഡ്, കരുക്കൾ



AnyScanner

## മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
| --- | --- | --- | --- | --- |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തകപരിചയം വായനാ കുറിപ്പ് ആസ്വാദന കുറിപ്പ്. പുസ്തക സംവാദം ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| എഴുത്തുകാരുമായി സംവദിക്കൽ | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

AnyScanner

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ഒരു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

AnyScanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## Class – IV

## മലയാളം

ലക്ഷ്യം: ഭാഷാപരമായ പിന്നോക്കാവസ്ഥയെ പരിഹരിക്കുക. ശരിയായ രീതിയിലുള്ള ഭാഷാ ഉപയോഗം പരിശീലിപ്പിക്കുക

മേഖല: വായന

പ്രവർത്തനങ്ങൾ

- കുട്ടികളുടെ നിലവാരമറിയുന്നതിനു വേണ്ടി പ്രീ ടെസ്റ്റ്
- അക്ഷരങ്ങൾ ശരിയായി ഉറപ്പിക്കൽ
- അടയാളം ഉറപ്പിക്കൽ (ചിഹ്നങ്ങളുടെ ശരിയായ ഉപയോഗം)
- അക്ഷര കാർഡുകൾ, ചിഹ്നങ്ങൾ, അടങ്ങിയ കാർഡുകൾ)
- വാക്കുകൾ എഴുതിയ കാർഡുകൾ
- വാക്യങ്ങളുടെ നിർമാണം
- ചിത്രങ്ങൾ നൽകി അടിക്കുറിപ്പ് തയ്യാറാക്കൽ, കഥാ, കവിത......പൂരണം
- കഥാപുസ്തക വായന (August - March)
- വായനക്കൂട്ടം
- പത്രവായന (June - March)
- സമീപത്തുള്ള ഗ്രന്ഥശാലയിൽ മെമ്പർഷിപ്പ് എടുക്കുക. അതുവഴി കൂടുതൽ വായനാ ശീലം വളർത്തുക.

- വിദ്യാരംഗം, സർഗ്ഗവേള, ബാലസഭ എന്നിവയിലൂടെ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങളിൽ പങ്കാളികളാകുക
- സാഹിത്യകാരുമായും സാഹിത്യ പ്രവർത്തകരുമായുള്ള അഭിമുഖങ്ങൾ
- കഥയരങ്ങ്

**കാവ്യാലാപനം**

[illegible]

[illegible]

[illegible]

**ലക്ഷ്യങ്ങൾ**

- [illegible]
- [illegible]
- [illegible]
- [illegible]
- [illegible]
- [illegible]

- സമാന ആശയമുള്ള കവിതകളും പാട്ടുകളും കണ്ടെത്തുന്നു.
- കവിതകൾക്ക് ആശയതുടർച്ചയുള്ള വരികൾ താളക്രമം പാലിച്ച് കൂട്ടിച്ചേർക്കുന്നു.
- പരിചയപ്പെട്ട ഈണവും താളവും പാലിച്ചുകൊണ്ട് വാക്കുകളും വരികളും കൂട്ടിച്ചേർത്ത് സ്വതന്ത്രമായി പാട്ടുകൾ എഴുതി തയാറാക്കുകയും പൊതുവേദികൾ അവതരിപ്പിക്കുകയും ചെയ്യുന്നു.

AnyScanner

കാവ്യോത്സവം നിർവഹണകാലം

- ജൂൺ രണ്ടാം വാരം ആരംഭിക്കണം
- ഒന്ന്, രണ്ട് യൂണിറ്റുകൾ പൂർത്തിയായതിനു ശേഷമാണ് ആദ്യത്തെ കാവ്യോത്സവം ക്ലാസ് പി.ടി.എ. മുമ്പാകെ സംഘടിപ്പിക്കുക. (ജൂലൈ)
- ഓരോ ടേമിന്റെ അവസാനവും കാവ്യോത്സവം സംഘടിപ്പിക്കുന്നതാണ്.
- പഠനോത്സവത്തിൽ കാവ്യോത്സവം ഒരിനമായിരിക്കും.

രക്ഷിതാക്കളുടെ പങ്ക്

- ഭവനാന്തരീക്ഷത്തിലും കുട്ടികൾക്ക് കവിതകൾ/പാട്ടുകൾ എന്നിവ താളാത്മകമായി അവതരിപ്പിക്കാൻ അവസരമൊരുക്കുക.
- വീട്ടിൽ ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് താളം കൊട്ടിപ്പാടാൻ പിന്തുണ നൽകുക.
- ഈണത്തിലും താളത്തിലും അവതരിപ്പിക്കാവുന്ന കവിതകൾ/പാട്ടുകൾ/വായ്ത്താരികൾ തുടങ്ങിയവ ശേഖരിക്കാൻ സഹായിക്കുക.
- സമാനാശയമുള്ള കവിതകൾ/പാട്ടുകൾ കണ്ടെത്താൻ സഹായിക്കുക.
- ആശയത്തുടർച്ചയുള്ള വരികൾ കൂട്ടിച്ചേർത്ത് പാട്ടുകളും കവിതകളും വിപുലപ്പെടുത്താൻ ആവശ്യമായ പിന്തുണ നൽകുക.
- കുട്ടികളുടെ പാട്ടിന്റെയും അവതരണങ്ങളുടെയും ആസ്വാദകരും പ്രോത്സാഹകരുമാവുക.



AnyScanner

## റീഡേഴ്സ് തിയേറ്റർ

വേഷവിധാനങ്ങളോ പശ്ചാത്തലമോ ഇല്ലാതെ ഒരു സംഘം വായനക്കാർ വേദിയിൽ വന്ന് നാടകീയ വായന നടത്തുന്നതിനെയാണ് റീഡേഴ്സ് തിയേറ്റർ എന്ന് വിളിക്കുന്നത്. കുട്ടികൾ നേരിടുന്ന ഭാഷാപരമായ പരിമിതികളെ മറികടക്കുവാൻ വിവിധനിലവാരക്കാരെ പരിഗണിച്ചു കൊണ്ടുള്ള വ്യത്യസ്തമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുണ്ട്. ലേഖനത്തിൽ എന്ന പോലെ വായനയിലും പരിമിതിയുള്ള കുട്ടികളുണ്ട്. ആശയ ഗ്രഹണ വായനയ്ക്ക് വേണ്ടത്ര പരിശീലനങ്ങൾ ലഭിക്കാത്തത് കുട്ടികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അനുയോജ്യമായ വേഗതയിലുള്ള വായന, ഭാവം, താളം എന്നിവ ഉൾക്കൊണ്ടുള്ള വായന എന്നിവയിലും മെച്ചപ്പെടേണ്ടതുണ്ട്. കുട്ടികളുടെ വായനാശേഷി വികസിപ്പിക്കുന്നതിനും ഭാവം ഉൾക്കൊണ്ടുകൊണ്ടുള്ള സ്വതന്ത്ര ശ്രാവ്യവായന മെച്ചപ്പെടുത്തുന്നതിനും റീഡേഴ്സ് തിയേറ്റർ എന്ന പ്രവർത്തനം സഹായകമാണ്.

**ലക്ഷ്യങ്ങൾ**

- കഥാസന്ദർഭം വായിച്ച് സംഭവങ്ങൾ, കഥാപാത്രങ്ങൾ എന്നിവ കണ്ടെത്തി വിശകലനം ചെയ്യുന്നു.
- കേൾവിക്കാരെ ആശയം ബോധ്യപ്പെടുംവിധം വായിച്ചവതരിപ്പിക്കുന്നു.
- കഥാഭാഗം വായിച്ച് സംഭവങ്ങൾ, കഥാപാത്രങ്ങളുടെ സവിശേഷതകൾ എന്നിവ തിരിച്ചറിഞ്ഞ് സ്ക്രിപ്റ്റ് തയ്യാറാക്കുന്നതിൽ കഴിവ് നേടുന്നു.
- പരസ്പരം സഹായിച്ചുള്ള വായനയിലൂടെ എല്ലാ കുട്ടികൾക്കും വായനയിൽ ആത്മവിശ്വാസം വളർത്തുക.

**പ്രവർത്തന രീതി**

- തുടക്കത്തിൽ പാഠപുസ്തകത്തിലെ കഥകൾ വായനയ്ക്ക് നൽകുന്നു.
- കുട്ടികൾ കഥ വായിച്ച് ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തി സ്ക്രിപ്റ്റ് തയാറാക്കുന്നു.
- കഥാപാത്രങ്ങളെ വീതിച്ചെടുത്ത് സംഭാഷണങ്ങൾ നാടകീയമായി വായിച്ചവതരിപ്പിക്കുന്നു.

- ഓരോ ഗദ്യപാഠഭാഗവും വിനിമയം ചെയ്യുന്നതിന്റെ ഭാഗമായി റീഡേഴ്സ് തിയേറ്റർ സംഘടിപ്പിക്കാം.
- കൂടുതൽ സംഭവമുഹൂർത്തങ്ങൾക്കും കഥാപാത്രങ്ങൾ ഉൾക്കൊള്ളുന്നതുമായ വായന സാമഗ്രികൾ കണ്ടെത്തി കൂടുതൽ കുട്ടികൾക്ക് അനുഭവം നൽകണം.
- ഇതിനനുയോജ്യമായ വായനാസാമഗ്രികൾ മുൻകൂട്ടി കണ്ടെത്തി വയ്ക്കണം. ഇവ പാഠഭാഗത്തെ ആശയവുമായി ബന്ധം ഉണ്ടായിരിക്കുന്നത് നല്ലതാണ്.
- കൂടുതൽ കുട്ടികൾക്ക് റീഡേഴ്സ് തിയേറ്ററിന്റെ അനുഭവം കിട്ടുന്നതിനായി ഓൺലൈൻ റീഡേഴ്സ് തിയേറ്റർ ഗൂഗിൾ മീറ്റ് സംഘടിപ്പിക്കാം.
- റീഡേഴ്സ് തിയേറ്ററിനെ കുറിച്ച് രക്ഷകർത്താക്കൾക്ക് വ്യക്തമായ ധാരണ നൽകണം.
- കുട്ടികളുടെ അവതരണങ്ങൾ (വീഡിയോ) ക്ലാസ് ഗ്രൂപ്പുകളിൽ പങ്കിടണം.
- രക്ഷിതാക്കൾക്ക് അഭിപ്രായങ്ങൾ പറയാൻ അവസരം നൽകണം.
- കുട്ടികൾക്ക് പരസ്പരം അവതരണങ്ങളെ വിലയിരുത്തി അഭിപ്രായം പറയാൻ അവസരം നൽകണം.
- CPTA യിൽ റീഡേഴ്സ് തിയേറ്റർ അവതരണം നടത്തണം.
- ഭാഷോത്സവത്തിന്റെ ഭാഗമായി റീഡേഴ്സ് തിയറ്ററിന്റെ അവതരണം നടത്തണം.

**രക്ഷിതാക്കളുടെ പങ്ക്**

- വീട്ടിലും റീഡേഴ്സ് തിയറ്റർ അവതരണത്തിന് പിന്തുണ നൽകുക. (കുട്ടികൊപ്പം മുതിർന്നവർ വായിക്കുന്നത് കുട്ടികളുടെ ആത്മവിശ്വാസം വളർത്തും)
- വായനയ്ക്കായി അനുയോജ്യമായ രചനകൾ കണ്ടെത്താൻ സഹായിക്കുക.
- സ്ക്രിപ്റ്റ് രൂപീകരണത്തിലെ ഇടപെടലുകൾ ആകാം.
- ഗൂഗിൾ മീറ്റ് പങ്കാളിത്തം ഉറപ്പാക്കണം.

## സർഗ്ഗാത്മക ഡയറി

ഓരോ ദിവസത്തെയും പ്രധാന സംഭവത്തെ അതിന്റെ വൈകാരികതയോടെ എഴുതിവയ്ക്കലാണ് ഡയറിയെഴുത്തിൽ നടക്കുന്നത്. ഇത് എല്ലാ ദിവസവും നടക്കേണ്ട വ്യക്തിഗത പ്രക്രിയയാണ്. എന്നാൽ ഡയറി എഴുത്തിൽ കൂടുതൽ സർഗാത്മക സാധ്യതകൾ തുറന്നു നൽകുകയാണ് സർഗാത്മക ഡയറി എന്ന പുത്തനാശയം.

സ്വന്തം അനുഭവത്തെ അടിസ്ഥാനമാക്കി സ്വതന്ത്ര രചനാശേഷി വികസിപ്പിക്കുന്നതിലൂടെ ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സർഗ്ഗാത്മക ശേഷി വികസിപ്പിക്കുന്നതിനും ആണ് സർഗ്ഗാത്മക ഡയറി ഊന്നൽ നൽകുന്നത്.

**നേട്ടങ്ങൾ**

- കുട്ടികളുടെ സ്വതന്ത്ര രചന വർദ്ധിപ്പിക്കുന്നു.
- ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിച്ച് മുഴുവൻ കുട്ടികളെയും വായനയുടെയും എഴുത്തിന്റെയും ഉടമകളാക്കുന്നു.
- സർഗ്ഗാത്മക ശേഷി വികസിക്കുന്നു.
- ഭാഷാ നൈപുണി വികസിക്കുന്നു.
- കുട്ടികളുടെ ചിന്താശേഷി വികസിക്കുന്നു.
- കുട്ടിയുടെ മനസിന്റെ സർഭാവനകളെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ ആവിഷ്കരിക്കുന്നു.
- പ്രകൃതിയുമായി നിരന്തരം അടുക്കുന്നതിലൂടെ നിരീക്ഷണ പാടവം - വർദ്ധിക്കുന്നു.
- മൂല്യങ്ങൾ സ്വയം സ്വാംശീകരിക്കുന്നു.

**പ്രവർത്തന രീതി**

- സർഗാത്മക ഡയറിയെഴുത്തിനായി ഒരു കാഴ്ച/സംഭവം തിരഞ്ഞെടുക്കുന്നു.
- അതിനെ ഭാവനാത്മകമായി ചിത്രീകരിക്കുന്നു.

  കവിത/പാട്ട്

സംഭാഷണം

വിവരണം

കഥ

പത്രവാർത്ത

ചിത്രകഥ

തുടങ്ങിയ സാധ്യതകൾ പ്രയോജനപ്പെടുത്താം.

- എഴുത്തിന് അനുബന്ധമായി രംഗ ചിത്രീകരണം നടത്തണം.
- വാട്സ് ആപ്പ് ഗ്രൂപ്പിൽ പങ്കുവയ്ക്കാം.

**രക്ഷിതാവിന്റെ പങ്ക്**

- ഓരോ ദിവസവും കുറച്ച് സമയം കുട്ടികളോടൊപ്പം ഇരുന്ന് ആ ദിവസം അവർ കണ്ട/അനുഭവിച്ച കാര്യങ്ങൾ കുട്ടികളുമായി ചർച്ച ചെയ്യണം.
- ആദ്യഘട്ടത്തിൽ ഓരോ ദിവസത്തെയും പ്രധാന സംഭവം തിരഞ്ഞെടുക്കാൻ കുട്ടിയെ സഹായിക്കണം.
- എഴുതുവാൻ കഴിയുന്ന ആശയങ്ങൾ ചർച്ചയിലൂടെ രൂപപ്പെടുത്തണം.
- എഴുത്തിന്റെ ശരിയായ രൂപം കുട്ടിയുടെ ചിന്തയിലേക്ക് കൊണ്ടുവരുവാനുള്ള ഇടപെടൽ നടത്തണം.
- ആഴ്ചയിൽ രണ്ട്/മൂന്ന് സർഗാത്മക ഡയറി എഴുതിയാൽ മതിയാകും.
- കുട്ടികളുടെ രചനകൾ വാട്സാപ്പ് ഗ്രൂപ്പിൽ പങ്കുവയ്ക്കാൻ സഹായിക്കണം.



AnyScanner

## പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം- അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര മേഖലകൾ പ്രദർശനങ്ങൾ ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചികാനിർമ്മാണം കളറ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ശേഖരം, പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

AnyScanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ക്ലാസ് - IV

## അറബി

**ലക്ഷ്യം** : വായന, എഴുത്ത്, എന്നീ ശേഷികൾ നേടുക

**മേഖല** : വിവരണം തയ്യാറാക്കുക

**സമയം** : ജൂൺ 2024 - മാർച്ച് 2025

**പ്രവർത്തനങ്ങൾ :**

1. പ്രീ - ടെസ്റ്റ് നടത്തി കുട്ടിയെ മനസിലാക്കുന്നു
2. ചിത്രങ്ങൾ നോക്കി പദങ്ങൾ കണ്ടെത്തുന്നു
3. ICT ഉപയോഗിച്ച് ചുറ്റുപാടുമുള്ള വസ്തുക്കളെ കണ്ടെത്തുന്നു
4. അധ്യാപകന്റെ ചെറിയ ചോദ്യങ്ങളിലൂടെ ചിത്രങ്ങൾ നോക്കി ലഘു വാക്യങ്ങൾ എഴുതാനും വായിക്കാനും കഴിയുന്നു.
5. പിന്നോക്കക്കാർ ചിത്രം നോക്കി നിറം നൽകുന്നു
6. ICT ഉപയോഗിച്ച് ചിത്രം കാണിച്ച് ആശയം പറയിപ്പിക്കുന്നു
7. ചിത്രം കാണിച്ച് അധ്യാപകന്റെ സഹായത്തോടെ ആശയം എഴുതുന്നു
8. ചെറിയ ആശയങ്ങൾ സ്വയം എഴുതാനും വായിക്കാനും കഴിയുന്നു
9. പിന്നോക്കക്കാർ പദങ്ങളിലെ അക്ഷരങ്ങൾ ഒറ്റയ്ക്ക് എഴുതുന്നു
10. വായന കാർഡ് നൽകി പരിചയ പദങ്ങൾ കണ്ടെത്തുന്നു. ആശയം മനസിലാക്കുന്നു
11. CPIA യിൽ കുട്ടികൾ അറബിയിൽ സ്വയം പരിചയപ്പെടുത്തുന്നു
12. കുട്ടികൾക്ക് വായന കാർഡ് നൽകി അവ വീട്ടിൽ നിന്ന് രക്ഷിതാക്കളുടെ സാന്നിധ്യത്തിൽ വായിച്ച് വീഡിയോ ഗ്രൂപ്പിൽ ഇടുന്നു
13. ഇഷ്ടപെട്ട ചിത്രം വരച്ചു വിവരണം തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുന്നു



AnyScanner

Downloaded from: https://textbooksall.blogspot.com/

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |



AnyScanner

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### ക്ലാസ് : V

### വിഷയം: മാതൃഭാഷ/ മലയാളം

കാലയളവ് : ജൂൺ മുതൽ മാർച്ച് വരെ

ലക്ഷ്യങ്ങൾ :

- മുഴുവൻ കുട്ടികൾക്കും സർഗാത്മക രചനകൾക്കുള്ള അവസരം നൽകുക
- അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക
- വായന പരിപോഷിപ്പിക്കുക
- സാഹിത്യ അഭിരുചി വളർത്തുക
- ഭാഷാ വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ പ്രയോജനപ്പെടുത്തുക

പ്രവർത്തനങ്ങൾ :

- കഥ, കവിത, ചിത്രരചന
- സമാന പദങ്ങൾ കണ്ടെത്തുക
- നിഘണ്ടു നിർമ്മാണം
- വായന മത്സരം
- പത്രവായന, പുസ്തക വായന
- പ്രസംഗം, ഉപന്യാസം തയ്യാറാക്കൽ
- കഥാ പതിപ്പ്, കവിതാ പതിപ്പ്, ചിത്ര പതിപ്പ് തയ്യാറാക്കുക.
- ആസ്വാദനക്കുറിപ്പ് മത്സരം.



AnyScanner

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:** പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ് .എം. അവതരണ മികവ്. | **സെന്റ് മേരീസ് എഫ് .എം.** വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |



AnyScanner

# മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ- മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |



AnyScanner

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8) മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ, ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാവിവരണം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |



AnyScanner

- To express thoughts, feeling etc

**Reading Skill**

- Newspaper reading, library book reading

**Writing skills**

1. Diary
2. Letter
3. Announcement
4. Description
5. Notice proclamation
6. Thought

**Activities**

- Speech, quiz, riddles, school radio, makes magazines, skits, exhibitions etc



AnyScanner

- Speech, book review, quiz, riddles, self introduction, school radio etc

**August and September**

- Develop the creative and innovative speaking and writing skills

**Reading skills**

1. Newspaper reading, library book reading, book review, reading breaking news
2. Find words
3. Collect and read verbs and their tenses
4. Rhyming words
5. Describing words etc
6. Text book activities

**Writing skills**

1. Make word web
2. Picture description with describing words
3. Word chain, Sentence chain
4. Make words and sentences
5. Make riddles and conversations
6. Add more lines

**Activities**

- Speech, book review, quiz, riddles, self introduction, school radio, makes description, magazines etc

**October and November**



AnyScanner

# ACADEMIC MASTER PLAN

## SUBJECT: ENGLISH

## CLASS V

**AIM:**

- To speak, read and write English without any mistakes.

**Time** : June to March

**Pretest** : To check the vocabulary and writing skills of pupils

**June to July**

- To develop listening skills and reading skills

**Listening skills**

1. Games, Action Songs, Hello English Activities
2. Conversations, Skits, Stories

Use ICT

**Speaking Skills**

1. Identify the naming words from the pictures
2. Identify the action words from the pictures
3. Make simple sentences using the action words and naming words from pictures
4. Make symbol description about the pictures
5. Growing sentences, picture reading, self introduction. Assembly is also conducted

**Activities**

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | Fun time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത് ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷരായി ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ. ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |



AnyScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി ക്ലാസിലിട്ട് നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre രീതിയോ ശ്രാവ്യ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |



AnyScanner

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | **Lend Your Ear-** ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| | **Follow Me If You Can!** ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Breaking News** ഇംഗ്ലീഷ് ചാനലിലെ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Missing Man** അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നിശ്ശബ്ദം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം ഓരോ കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Treasure Hunt** വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് മേശ അലങ്കരിക്കുന്നു. ഓരോ അംഗങ്ങൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു ഏതെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സഹഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളേ ? (ഫീൽഡ് ട്രിപ്, സർവ്വേ)**<br>പരിസ്ഥിതി ചൂഷണത്തിന് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാനസികലോകം സൃഷ്ടിക്കുന്നു, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |



AnyScanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ക്ലാസ് : V

## വിഷയം: സോഷ്യൽ സയൻസ്

കാലയളവ് : ജൂൺ മുതൽ മാർച്ച് വരെ

ലക്ഷ്യങ്ങൾ :

1. അർത്ഥ പൂർണ്ണമായ ഭൂപട വായന ക്രമീകരണം.
2. പൊതുവിജ്ഞാനത്തിന് ഊന്നൽ നൽകുക.
3. പ്രാചീന മധ്യ ആധുനിക ഇന്ത്യയുടെ പ്രധാന സംഭവങ്ങൾ വിവരിക്കുക
4. പഠനയാത്രകൾ സംഘടിപ്പിച്ച് ചരിത്ര പഠനം കാര്യക്ഷമമാക്കുക.
5. കേരളം, ഇന്ത്യ, ലോക ഭൂപടം പരിചയപ്പെടുത്തുക

പ്രവർത്തനങ്ങൾ:

1. പൊതുവിജ്ഞാന ചോദ്യങ്ങൾ ന്യൂസ് പേപ്പർ വഴി കണ്ടെത്തുക
2. മധ്യകാല ഇന്ത്യയെ പരിചയപ്പെടുത്തുക.
3. വിജ്ഞാനം, കല, ചാർട്ട് കളക്ഷൻ എന്നിവയിൽ ഐ.സി.ടി സാധ്യത ഉപയോഗിക്കുക
4. ചരിത്ര പ്രാധാന്യമുള്ള സ്ഥല സന്ദർശനം (അടിക്കുറിപ്പ്, ലേഖനം, പ്രഭാഷണം എന്നിവ തയ്യാറാക്കൽ)
5. ഇന്ത്യ, കേരളം ആനുകാലിക വിഷയങ്ങളെക്കുറിച്ചുള്ള മത്സരങ്ങൾ (ക്വിസ് )



AnyScanner

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈൻഡ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്പോ-എക്സ്പ്ലോർ** ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | പി.ടി.എ സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിക് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |



AnyScanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ക്ലാസ് : V

### ബേസിക് സയൻസ്

കാലയളവ് : ജൂൺ മുതൽ മാർച്ച് വരെ

ലക്ഷ്യങ്ങൾ :

1. വ്യക്തിശുചിത്വം, സാമൂഹിക ശുചിത്വം എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് നിർദ്ദേശിക്കുക
2. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക
3. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക
4. ശുദ്ധജല സ്രോതസ്സുകൾ മലിനമാക്കാതിരിക്കാൻ നിർദ്ദേശിക്കുക
5. സസ്യ ലോകത്തിന്റെ സംരക്ഷണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

പ്രവർത്തനങ്ങൾ :

1. സസ്യ ആൽബം തയ്യാറാക്കുക
2. ശാസ്ത്ര പതിപ്പുകൾ തയ്യാറാക്കുക
3. പൂന്തോട്ട നിർമ്മാണം
4. ലഘു പരീക്ഷണങ്ങൾ (വിത്തു മുളപ്പിക്കൽ)
5. ശലഭോദ്യാനം
6. വൈദ്യുതി നിയന്ത്രണം
7. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ



AnyScanner

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, ജോടിക്കളി, മുത്തുകൾ, ഫ്ലാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരകൗശല ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം രസകരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർധിപ്പിക്കൽ. | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതു പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |



AnyScanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ക്ലാസ് : V

### വിഷയം: ഗണിതം

**കാലയളവ് :** ജൂൺ മുതൽ മാർച്ച് വരെ

വസ്തുക്കളെ സംഖ്യകൾ ഉപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതാണ് ഗണിത പഠന സമീപനം. ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഗണിത ശാസ്ത്ര പഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്. അർത്ഥപൂർണ്ണമായ ആശയരൂപീകരണത്തിലൂടെ കുട്ടികളുടെ യുക്തിചിന്ത വികസിപ്പിക്കുന്ന ഗണിത പഠന സമീപനമാണ് നാം സ്വീകരിക്കുന്നത്....

**ലക്ഷ്യങ്ങൾ :**

1. ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനം, വ്യവകലനം എന്നിവ സഹായം ആകുന്നു എന്ന് തിരിച്ചറിയുന്നു
2. വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും ഉള്ള കഴിവ് വളർത്തുന്നു.
3. ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുന്നു
4. ഗണിത പഠനത്തിൽ ഐ.സി.ടി സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം ആയാസകരമാക്കുന്നു
5. ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു, നിർമിക്കുന്നു
6. സംഖ്യാ പാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുന്നു
7. ഗുണന പട്ടിക മനഃപാഠമാക്കുന്നു
8. ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.
9. പ്രശ്നപരിഹാരം, പ്രായോഗിക പ്രശ്ന പരിഹാരം
10. ജ്യാമിതീയിൽ നിന്നും സംഖ്യകളിൽ നിന്നും പാറ്റേൺ നിർമ്മിക്കുന്നു



AnyScanner

പ്രതീക്ഷിത നേട്ടങ്ങൾ :

1. എല്ലാ കുട്ടികളിലും ചതുഷ്ക്രിയ ഉറപ്പിക്കൽ
2. സങ്കലനം ഉറപ്പിക്കൽ (കാർഡ് കളി)
3. വ്യവകലനം ഉറപ്പിക്കൽ (മഞ്ചാടിക്കുരു, കാർഡു കളി )
4. ഗുണനം ഉറപ്പിക്കൽ (മുത്തു കൊണ്ടൊരു കളി, പൊട്ടുതൊടിക്കൽ)
5. ഹരണം ഉറപ്പിക്കൽ( കറുപ്പും വെളുപ്പും, ജീരകം മിഠായി )



AnyScanner

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഹിന്ദി

| | | | | | |
|---|---|---|---|---|---|
| 3 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം. (സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്റ്റംബർ 14, ജനവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറിപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ<br>• വായനമൂല<br>• ഹിന്ദിക്ലബ്ബ് പ്രവർത്തനങ്ങൾ | November to February. | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |
| | | | | | |

## ഉപസംഹാരം

സ്വകാര്യവത്കരണമോ കച്ചവടവത്കരണമോ അല്ല മറിച്ച്, സാമൂഹികവത്കരണമാണ് വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുതകുന്നത്. നമ്മുടെ വിദ്യാലയത്തിന് വേണ്ടി നമ്മൾ തയ്യാറാക്കിയ ഈ മാസ്റ്റർപ്ലാൻ ക്രിയാത്മകമായി നടപ്പിലാക്കുന്നതിന് ഈ രംഗത്ത് ജനപങ്കാളിത്തം കൊണ്ടും ആരോഗ്യകരമായ ജനകീയ ഇടപെടലുകൾ കൊണ്ടും മാത്രമേ സാധ്യമാകൂ. ഒരു പ്രദേശത്തെ വിദ്യാലയം അവിടത്തെ ജനങ്ങളുടെ പൊതു സമ്പത്താണ്. അത് വികസിപ്പിക്കേണ്ടത് ആ നാട്ടുകാരുടെ പൊതുവായ ആവശ്യമാണ്.

നമ്മുടെ വിദ്യാലയത്തിന് വേണ്ടി നാം നടപ്പിലാക്കുന്ന പ്രവർത്തനങ്ങളെല്ലാം തന്നെ രാഷ്ട്രത്തിന്റെ ഏറ്റവും വലിയ സമ്പത്തായ കുട്ടികൾക്ക് ഏറ്റവും നല്ല വിദ്യാഭ്യാസവും അവരുടെ സർവോത്മകവുമായ വികസനവും സാധ്യമാകുന്നതിനുതാകട്ടെ.

**************************************************



AnyScanner